# മലങ്കര ഇടവക പത്രിക.

പുസ്തകം ൧൩ | ൧൦൮൭ മിഥുനം | ലക്കം ൩

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും.

(൬൫)

മലങ്കരെയുള്ള നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയമുള്ളവരെ നമ്മുടെ സുവിശേഷസംഘം പൂർവ്വാധികം അഭിവൃദ്ധിയിൽ നടന്നുവരുന്നതായി അറിയുന്നതിൽ നാം അത്യന്തം സന്തോഷിക്കുന്നു. കേവലം നാമമാത്രമായിരുന്ന ഈ സംഘത്തെപ്പറ്റി ആശിക്കാവുന്നതിൽ പരം കഴിഞ്ഞ ഒരാണ്ടു കൊണ്ട് അതു പ്രവർത്തിച്ചിട്ടുള്ളതായി സിക്രട്ടറിമാരിൽ ചാണ്ടി ഉപദേശി നമ്മുടെ മുമ്പാകെ വായിച്ചിട്ടുള്ള റിപ്പോർട്ടുകൊണ്ടും ഖജാൻജി നമ്മുടെ വാത്സല്യ മകൻ തേരകത്തു കൊച്ചുകോശിക്കുഞ്ഞിന്റെ കണക്കുകൊണ്ടും മറ്റും കാണുന്നതിൽ തൽകാര്യവാഹികളെ സംബന്ധിച്ചു നാം അധികം കൃതാർത്ഥനായിരിക്കുന്നു. ഏറിയ കാലംകൊണ്ടു നമ്മുടെ മനസ്സിൽ അങ്കുരിച്ചിരുന്നതും സമുദായികമായി ഇതരങ്ങളായ കൃത്യബാഹുല്യം നിമിത്തം ഉദ്ദേശരൂപം നടപ്പാകാതെയുമിരുന്ന ഈ അനുഗ്രഹിക്കപ്പെട്ട ദൈവികവേലയുടെ പ്രാരംഭത്തിനായി ഇങ്ങനെ ഒരു സംഘത്തെ വിളിച്ചുകൂട്ടുന്നതിന് ആദ്യമായും അനന്തരം ഇതിന്റെ നടത്തിപ്പിലേക്ക് അവശ്യം വേണ്ട ധനശേഖരം നമ്മുടെ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പിരിച്ചുകൊള്ളുന്നതിനു പിന്നീടും നാം കല്പനകൾ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. എന്നാൽ ആവക പണം ഉടനെ പിരിഞ്ഞു വരാഞ്ഞയാലും തന്നിമിത്തം സംഘകാര്യങ്ങൾ വളരെ കുഴപ്പത്തിലും ഇരിക്കുന്ന ഘട്ടത്തിൽ ആത്മികകാര്യങ്ങളിൽ എരിവുള്ളവരും സമുദായ സ്നേഹമുള്ളവരുമായ തേരകത്തു കൊച്ചുകോശിക്കുഞ്ഞു മുതലായവർ ഇതിന്റെ അഭിവൃദ്ധിക്കായി സശ്രദ്ധം പരിശ്രമിക്കയും മുമ്പേതന്നെ നമ്മുടെ ഉപദേശിമാരിൽ ഒരാൾക്കു സ

ന്ത കയ്യിൽ നിന്ന ശമ്പളം കൊടുത്തു സമുദായത്തിൽ ഉപദേശ വേല നടത്തിച്ചു വരുന്നതിനുപുറമെ സംഘസംബന്ധമായ ചുമതലക്കൂടി ഭരമേറ്റു മുൻ കല്പനപ്രകാരമുള്ള പണം പിരിഞ്ഞു വരുന്നതുവരെ വേറെ രണ്ടാളുകൾക്കുകൂടി ശമ്പളം കൊടുക്കാമെന്ന സ്വമനസ്സാ സമ്മതിച്ചു പ്രവൃത്തിച്ചിട്ടുള്ളതിൽ നമ്മുടെ കൊച്ചുകോശികുഞ്ഞിനോടു നമുക്കു അനല്പമായ കൃതജ്ഞതയുള്ളതുമാത്രമല്ലാ സമുദായത്തിലുള്ള മറ്റു മാന്യന്മാരും ഇതിനെ മാതൃകയാക്കി പ്രവൎത്തിപ്പാൻ ഓരോരുത്തരുടെ സ്നേഹത്തോടു നാം പ്രത്യേകം ഗുണദോഷിക്കയും ചെയ്യുന്നു. ഖജാൻജി എന്നുള്ള നിലയിൽ ഇതുവരെയുള്ള വരവുചിലവുകളുടെ കണക്കും തിരട്ടാക്കി നമ്മുടെ പേൎക്കു അയച്ചിട്ടുള്ളതു നാം വായിച്ചുകണ്ടു അടയാളം വെച്ചു തിരികെ അയച്ചിട്ടുമുണ്ടു. സംഘോദ്ദേശപ്രകാരം ഇടവകകളിൽ സഞ്ചരിച്ചു സുവിശേഷവേല ചെയ്യുന്നതിനും സഹായധനം പിരിക്കുന്നതിനുമായി നമ്മുടെ ചാണ്ടി ഉപദേശിയേയും ഈപ്പൻ ഉപദേശിയേയും മുമ്പെ നിയമിച്ചിട്ടുള്ളതുകൂടാതെ ഇപ്പോൾ നമ്മുടെ പുത്തൻവീട്ടിൽ യാക്കോബുകത്തനാരേയും ഇതിലേക്കു നാം നിയമിച്ചിരിക്കുന്നു. ഈ ദൈവിക വേലക്കായി ഇവർ ഓരോ ഇടവകകളിലും വരുമ്പോൾ അവിടെയുള്ള പട്ടക്കാർ ജനത്തെ വിളിച്ചുകൂട്ടി ഇവരെക്കൊണ്ടു പ്രസംഗങ്ങൾ നടത്തിക്കയും ജഡമയമായ സൌന്ദൎയ്യതിരക്കുകൾ ഒന്നും ഉണ്ടാകാതെ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും യഥാശക്തിയുള്ള സഹായധനവും പിരിച്ചുകൊടുത്തു വിവരം അതാതു പള്ളിക്കാർ സംഘക്കാരുടെ അടയാളസഹിതം നമ്മുടെ പേൎക്കു റിപ്പോൎട്ടു ചെയ്കയും വേണം.

ഇതുകൂടാതെ നമ്മുടെ ഉപദേശിമാരിൽ പലരും വിശ്വാസസ്ഥിരതയും തത്സംബന്ധമായ കൃത്യബോധവുമില്ലാതെ യഥേഷ്ടം പ്രവൎത്തിച്ചു വരുന്നതായും നാം അറിയുന്നു. അങ്ങിനെയുള്ളവരെ സംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ ചെയ്തു വിവരം നമ്മുടെ പേൎക്കു റിപ്പോൎട്ടു ചെയ്യണമെന്നും സംഘക്കാരോടു നാം പ്രത്യേകം ആജ്ഞാപിക്കുന്നു. നമ്മുടെ ആദ്യ കല്പനയിലെ താല്പൎയ്യപ്രകാരം അവരോടു നാം ഗൌരവമായി പ്രവൎത്തിക്കുന്നതുമാണു.

ഇപ്പോൾ സംഘത്തിൽനിന്നും അയക്കപ്പെട്ടവരായി നമ്മുടെ യാക്കോബുകത്തനാർ, ചാണ്ടി ഉപദേശി, ഈപ്പൻ ഉപദേശി, അന്ത്രയോസു ഉപദേശി എന്നിങ്ങനെ നാലുപേർ മാത്രമെ ഉള്ളു. കൂടുതൽ വേലക്കാരെക്കൊണ്ടു ആവശ്യമുണ്ടെങ്കിലും പണദൌൎല്ലഭ്യനിമിത്തം തല്ക്കാലം നിയമിക്കുന്നതിനു തരമില്ലാതെ വന്നതിൽ വ്യസനിക്കുന്നു. ആകയാൽ നമ്മുടെ പട്ടക്കാർ എല്ലാവരും അതാതു ഇടവകകളിൽനിന്നും സംഘത്തിലേക്കു വേണ്ട

ധനശേഖരം എത്രയും വേഗത്തിലും കൃത്യമായും സത്യമായും പിരിച്ചു കൊടുക്കുന്നതിനു ബദ്ധശ്രദ്ധയുള്ളവരായിരിക്കണമെന്നു നാം വീണ്ടും ഗുണദോഷിക്കയും നിർബന്ധിക്കയും ചെയ്യുന്നു. അങ്ങിനെ ചെയ്യാതിരിക്കുന്ന പട്ടക്കാരൊ പള്ളിക്കൈക്കാരൊ ഇടവകജനങ്ങളൊ ആരുതന്നെ ആയിരുന്നാലും നമ്മുടെ വാൎദ്ധക്യദശയിലെങ്കിലും ആരംഭിക്കുന്നതിനു ദൈവം ഇടവരുത്തിയിട്ടുള്ള നമ്മുടെ കൎത്താവിന്റെ അന്ത്യകല്പനാനുസരണം നാം കടപ്പെട്ടിട്ടുള്ളതും ബലഹീനനായ നമ്മുടെ ജീവിതത്തിന്റെ പരമോദ്ദേശവുമായിരിക്കുന്ന ഈ അനുഗ്രഹിക്കപ്പെട്ട ദൈവികവേലയ്ക്കു തടസ്സക്കാരായി ഭവിക്കുന്നതും തന്മൂലം ആത്മാക്കളുടെ നഷ്ടത്തിനു ഭയങ്കരമായ ഉത്തരവാദിത്വം ചെയ്യേണ്ടി വരുന്നവരും നമ്മുടെ നരയെ ദുഃഖത്തോടെ ശവക്കുഴിയ്ക്കു ഇറക്കുന്നവരുമായി തീരുന്നു എന്നു നാം വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

ഇങ്ങനെയുള്ള ദൈവികകാൎയ്യങ്ങൾക്കു നാം ചിലവു ചെയ്യാതിരിക്കകൊണ്ടല്ലയൊ നമ്മുടെ പണമെല്ലാം ദുർവ്യയം ചെയ്വാൻ ഇടവരുന്നതെന്നും നാം സംശയിക്കുന്നു. ആകയാൽ യഹോവായ്ക്കു വായ്പ കൊടുക്കുന്നതിനും നമ്മുടെ കൎത്താവിന്റെ കൂട്ടപ്രവൃത്തിക്കാരായി തീരുന്നതിനും ജാഗരൂകന്മാരായിരിപ്പിൻ. നമ്മുടെ അജാഗ്രത മാത്രമാണു ശത്രുക്കൾക്കു നമ്മുടെ മേലുള്ള വിജയമെന്നു പ്രത്യേകം കരുതിക്കൊൾവിൻ.

അതിനാൽ നമ്മുടെ സുവിശേഷസംഘം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചു കാണ്മാൻ വേണ്ട എല്ലാ വിധവും പ്രവൎത്തിപ്പാൻ നാം സന്നദ്ധനായിരിക്കുന്നതിനാൽ നിങ്ങളും അപ്രകാരം നിങ്ങളുടെ സകല ഐശ്വൎയ്യത്തിന്റെയും മനസ്സുകൊണ്ടു മേൽപ്രകാരം പ്രവൎത്തിച്ചു കാണ്മാൻ നാം ഏറ്റവും വാഞ്ഛയോടും പ്രാൎത്ഥനയോടും കൂടി കാത്തിരിക്കുന്നു.

സൎവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി സൎവ്വദാ വസിച്ചിരിക്കുമാറാകട്ടെ.

എന്നു ൧൯൦൬—ന്നു കൊല്ലം ൧൦൮൧-ാമാണ്ടു
നമ്പ്ര ൨൨൩] ഇടവമാസം ൨൬-ാനു
വടക്കൻപറവൂർ പള്ളിയിൽ നിന്നും.

## മലങ്കര സഭാതാരകയും പാത്രിയക്കാസ്ഥാനവും.

അന്ത്യോഖ്യാപാത്രിയക്കീസു പാത്രിയക്കീസോ വേഷധാരിയോ എന്ന തലവാചകത്തിൽ ഇടവമാസത്തിലെ സഭാതാരകയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഉപന്യാസത്തിനു മറുപടിയായി കഴിഞ്ഞ പത്രികയിൽ ഞാൻ എഴുതിയിരുന്ന ലേഖനംമൂലം താരകാലേഖകൻെറ ചിത്തഭ്രമത്തെ മുഴുവനായി സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ലെന്നു ഈ മാസത്തെ താരകയിൽ പറഞ്ഞിരിക്കുന്ന പനിപ്പിച്ചുകൊണ്ടു കാണുന്നു. അതിനാൽ ഒരു കഷായംകൂടെ കുറിയ്ക്കുന്നതു പത്രാധിപർ ദയവു ചെയ്തു താരകയെ കുടിപ്പിക്കണമെന്നപേക്ഷിക്കുന്നു. പാത്രിയക്കീസു വേഷധാരിയാണെന്നു കാണിപ്പാൻ താരക എത്ര കടിച്ചുമറിച്ചാലും കല്ലേൽ കടിച്ചു പല്ലു കളകയും സ്വന്ത അപ്പച്ചനെ വേഷധാരിയാക്കി മുണ്ടുടുപ്പിക്കയും ചെയ്യാമെന്നല്ലാതെ ഒരു പ്രയോജനവും വരുന്നതല്ല. താരകയിൽ എം. എൻ. ഒ. എന്നു കള്ളപ്പേരും വച്ചു ആദ്യം പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിലെ എല്ലാ വാദങ്ങൾക്കും ഞാൻ മറുപടി പറഞ്ഞിട്ടില്ലെന്നു പറഞ്ഞുംകൊണ്ടു പണ്ടു പറഞ്ഞ സംഗതികൾ തന്നെ ഒരിക്കൽക്കൂടി ഇപ്പോൾ താരക ആവൎത്തിച്ചിരിക്കയാകുന്നു.

താരകയുടെ വാദങ്ങളുടെ ചുരുക്കങ്ങളായി ഈ പ്രാവശ്യത്തെ പത്രത്തിൽ വ്യക്തമായി കാണിച്ചിട്ടുള്ളവ താഴെ പറയുന്നവയാകുന്നു.

൧. അബ്ദൽമിശിഹ് പാത്രിയക്കീസിൻെറ അഭിഷേകം സഭയുടെ ഭൂരിപക്ഷാഭിപ്രായമല്ലാതിരുന്നു.

൨. ഭൂരിപക്ഷം കൂടാതെ പ്രദംസ്ഥ നടക്കാം.

൩. പാത്രിയക്കീസിനെ സ്ഥാനഭ്രംശം ചെയ്വാൻ ഒരു തുൎക്കനു അധികാരം ഉണ്ടു.

൪. പാത്രിയക്കാ തിരഞ്ഞെടുപ്പിനു വാസ്തവത്തിൽ ഒരു സംഘമില്ല.

൫. അബ്ദൽമിശിഹായുടെ സ്ഥാനഭ്രംശവും അബ്ദുള്ളായുടെ തിരിച്ചുവരവും ഒരുമിച്ചുണ്ടായി.

൬. അബ്ദുള്ളായുടെ സ്ഥാനാരോഹണത്തിന്നും അബ്ദൽമിശിഹിൻെറ അധഃപതനത്തിന്നും കാരണം സുൽത്താൻെറ പ്രീതിയും അപ്രീതിയും മാത്രമാണ്.

൭. കുസ്തന്തീനോപുരിയിലെ മെത്രാൻ കൊടുത്ത സാക്ഷി വ്യാജസ്തുതിയാണ്.

൮. റോമ്മാ സഭയിൽ ചേൎന്നിരുന്നതുകൊണ്ടു അബ്ദുള്ളാ വിശ്വസ്ഥനല്ല.

൯. ആവശ്യപ്പെട്ടാൽ അദ്ദേഹം തുൎക്കവേദത്തിലും ചേരുന്ന ആളാണ്.

ഇങ്ങനെ ഒമ്പതൊ അതിൽ അധികമൊ ആക്ഷേപങ്ങൾ താരകയിലെ ആദ്യ ലേഖനത്തിൽ അവിടവിടെയായി പറഞ്ഞിട്ടുള്ള വാചകങ്ങളിൽനിന്നു അനുമാനികാമായിരിക്കും. ഇവയിൽ ൩-ം ൪-ം സംഗതികൾക്കു മാത്രമെ ഞാൻ സമാധാനം പറഞ്ഞിട്ടുള്ളു എന്നാണ ഇപ്പോൾ താരക വാദിക്കുന്നതു. എൻെറ വെടി ഒരു നിറകൊണ്ടു അവസാനിച്ചിട്ടില്ലെന്നും പുറകെ റിവൊൽവർ തന്നെ ഒഴിക്കാൻ ഭാവിച്ചിട്ടുണ്ടെന്നും എൻെറ ലേഖനത്തിൻെറ ഒടുവിൽ പറഞ്ഞിരുന്നതു വായിക്കാഞ്ഞിട്ടൊ അടിയിൽ വീണാലും കാൽ മീതെവച്ചുംകൊണ്ടു പൊണ്ണകാൎയ്യം പറയണമെന്നു ഉദ്ദേശിച്ചിട്ടൊ മുമ്പു പറഞ്ഞതുതന്നെ ആവൎത്തിച്ചിരിക്കയല്ലാതെ എൻെറ ഉണ്ടയുടെ കോള സുഖപ്പെടുത്താൻ താരക ഒരു ശ്രമവും ചെയ്തിട്ടില്ലാ. അതിനാൽ എൻെറ വെടി ചങ്കിനു തന്നെയാണ കൊണ്ടിരിക്കുന്നതെന്നു സ്പഷ്ടമാകുന്നു.

താരകയുടെ വാദങ്ങൾ ഒമ്പതായി ഇപ്പോൾ അംശിച്ചിരിക്കുന്നു എങ്കിലും ഇവയെല്ലാം ഏറക്കുറെ രണ്ടു സംഗതികളിന്മെലാണ സ്ഥാപിച്ചിരിക്കുന്നതു. ൧. പാത്രിയക്കീസിനെ ആക്കുകയും നീക്കുകയും ചെയ്യുന്നതിൽ ഗവമ്മെണ്ടിൻെറ പ്രവേശനവും ൨. അബ്ദുള്ളാബാവാ ഇടകാലത്തു റോമ്മാസഭയോടു ചേൎന്നിരുന്നു എന്നുള്ളതുമത്രെ. ഇതിൽ ൧-ാമത്തെ സംഗതിക്കു ഞാൻ വിസ്താരമായി മറുപടി പറകയും താരക രണ്ടു കയ്യും കൂപ്പി വായ് പൊത്തുകയും ചെയ്തിരിക്കുന്നു. മേൽ

പറഞ്ഞ ഒമ്പതു സംഗതികളിൽ ഏറിയകൂറും ഇതിനാൽ തീൎന്നിരിക്കുന്നു. എങ്കിലും അതുകൊണ്ടു ഞാൻ തൃപ്തിപ്പെടാതെ വേറൊരുവിധത്തിൽ കൂടെ സമാധാനം പറയാം. താരക പറയുന്ന ഒമ്പതു വാദാംശങ്ങൾക്കും പത്രസ്ഥലത്തിൻെറ സൌകൎയ്യംപോലെ തക്കന്യായങ്ങൾ പറവാൻ തയ്യാറുണ്ടെന്നുള്ള മുഖവുരയോടുകൂടി തൎക്കത്തിൻെറ ആവശ്യത്തിനുവേണ്ടി താരകായുക്തികൾ ശരിയാണെന്നു തല്ക്കാലം വിചാരിച്ചുംകൊണ്ടു അവയുടെ ഗുണദോഷവിവേചനം ചെയ്യാം. തൎക്കത്തിൽനിന്നു സ്ഥാപിക്കാൻ താരക വിചാരിക്കുന്ന സംഗതി പാത്രിയർക്കീസ വേഷധാരിയാ ണെന്നാണല്ലൊ. ആ ഉദ്ദേശം സാധിക്കണമെങ്കിൽ ഇന്നയിന്നസംഗതികൾ സ്ഥാനത്തെ അസാധുവാക്കുന്നവയാണെന്നു വേദപുസ്തകം കൊണ്ടൊ അപ്പോസ്തോല സഭയുടെ ഉപദേശങ്ങൾ കൊണ്ടൊ കാണിച്ചിട്ടു പ്രസ്തുത സ്ഥാനാഭിഷേകത്തിൽ ആ കുറവുകൾ ഉണ്ടെന്നും അതിനാൽ സ്ഥാനം അസാധുവാണെന്നും തെളിയിക്കേണ്ടതായിരുന്നു. അങ്ങനെയൊന്നും താരക കാണിച്ചിട്ടില്ല. താരക പറയുന്ന ഒമ്പതു സംഗതികളും വാസ്തവങ്ങളാണെന്നുതന്നെ വിചാരിച്ചാൽതന്നെയും സ്ഥാനം അസാധുവാകയില്ലെന്നും താരകയുടെ വാദങ്ങൾ അസ്ഥാനത്തിലാണെന്നുമാണ ഞാൻ പറയുന്നതു.

൭-ാം ൮-ാം ഭൂരിപക്ഷാഭിപ്രായം. ഭൂരിപക്ഷാഭിപ്രായംകൂടാതെ തിരഞ്ഞെടുത്തു വാഴിച്ചാൽ ആ സ്ഥാനം അസാധുവാണെന്നായിരിക്കണമെല്ലൊ താരകയുടെ വിധി. താരകയുടെ വലിയപ്പച്ചൻ മത്ത്യൂസ അത്താനാസ്യോസിനെയും കൊച്ചപ്പച്ചൻ തോമ്മാസ അത്താനാസ്യോസിനെയും തിരഞ്ഞെടുക്കാൻ യോഗം കൂടിയതു എവിടെ എപ്പോൾ, അഭിപ്രായം കൊടുത്തതു ആരെല്ലാം. ഭൂരിപക്ഷാഭിപ്രായം കൂടാതെ വാഴിക്കപ്പെട്ട ഇവർ വേഷധാരികളൊ? മെത്രാന്മാരൊ? കഴിഞ്ഞപ്രാവശ്യം ഞാൻ പറഞ്ഞതുപോലെ യോഗസമ്മതം കൂടാതെ വാഴിക്കപ്പെടുന്ന അംഗ്ലിയാ ബിഷോപ്പന്മാർ വേഷധാരികളൊ മെത്രാന്മാരൊ? നേരെ നോക്കി പറയൂ ചെങ്ങാതി.

൯. തുലുക്കൻെറ അധികാരം. ഞങ്ങളുടെ പാത്രിയർക്കീസിനെ മാത്രമല്ല, ഏതു മേല്പട്ടക്കാരെയും നീക്കാനും നാടു കടത്താനും ഹിംസിക്കാനും അപരിഷ്കൃത രാജ്യങ്ങളിലെ രാജാക്കന്മാൎക്കു കഴിയും. തുലുക്കനായ സുൽത്താൻ പാത്രിയർക്കീസിനെ സ്ഥാനഭ്രംശം ചെയ്തു എന്നുതന്നെ വിചാരിച്ചാലും പിന്നാലെ വരുന്ന ആൾ വേഷധാരിയാകുന്ന സൂത്രം വിവരിച്ചിരിക്കുന്ന വേദശാസ്ത്രം താരകാപ്പീസിൽ ഗൂഢമായി വച്ചിരിക്കുന്നതായിരിക്കും. ഈ താരകായുക്തിപ്രകാരം നീറൊ മുതലായ റോമ്മാചക്രവൎത്തികളാലും പിൻകാലത്തുണ്ടായ ക്രിസ്ത്യാനി രാജാക്കന്മാരാലും നാടു കടത്തപ്പെടുകയൊ സിംഹാസനത്തിൽനിന്നു തള്ളപ്പെടുകയൊ കൊല്ലപ്പെടുകയൊ ചെയ്ത മേല്പട്ടക്കാരുടെ പിൻഗാമികളെല്ലാം വേഷധാരികളായിരിക്കണം. താരകാലേഖകൻ മിടുമിടുക്കൻ! വേദശാസ്ത്രത്തിൽ അനിതരസാധാരണ നൈപുണ്യം പ്രാപിച്ചവൻ!

൰. നാമമാത്രമായ തിരഞ്ഞെടുപ്പുസംഘം. ഇംഗ്ലാണ്ടിൽ അംഗ്ലിയാബിഷൊപ്പന്മാരെ തിരഞ്ഞെടുക്കുന്ന യോഗത്തിൻെറ സമ്പ്രദായം കഴിഞ്ഞപ്രാവശ്യം ഞാൻ പറഞ്ഞുവല്ലൊ. ലൊർഡ സാലിസബറി പറയുന്നപ്രകാരം "ഒരു വൈദികനാടകം" അഭിനയിക്കുന്ന ആ സംഘം നാമമാത്രമാണെന്നുള്ളതിനു സംശയമില്ല. അപ്പോൾ താരകായുക്തിപ്രകാരം അംഗ്ലിയാ ബിഷൊപ്പന്മാർ വേഷധാരികളല്ലാതെ വരാൻ പാടില്ല. "ഞങ്ങൾക്കു കാൻറർബ്ബറി ആൎച്ചുബിഷൊപ്പിനോടും സ്ഥാനം വാങ്ങിക്കാം" എന്നു സിമ്മനാരി സന്നിധിയിൽ സത്യത്തിന്മേൽ മൊഴി കൊടുത്ത താരകയുടെ കൊച്ചപ്പച്ചൻ വേഷധാരണംകൊണ്ടു തൃപ്തിപ്പെട്ട ആളായിരുന്നു എന്നു സംശയിക്കാതെ ഏററുപറയട്ടെ. അല്ലെങ്കിൽ സ്ഥാനസാധുത്വത്തിനു ആവശ്യങ്ങളെന്നു താരക വിചാരിക്കുന്ന തത്വങ്ങൾ ഈ അപ്പച്ചൻെറ അഭിപ്രായത്തിനു എതിരാണെന്നു സമ്മതിക്കട്ടെ.

ഒ, ന്ന, ൧, വ്വ, ൻ. ഈ സംഗതികൾ പുതിയ പാത്രിയർക്കീസിനെ സംബന്ധിച്ചാണല്ലൊ. ഇതിലും വാദത്തിനുവേണ്ടി പാത്രിയർക്കീസ സ്വല്പം കുററക്കാരനാണെന്നു സമ്മതിക്കാം. എന്നാൽ എന്തു? ഇദ്ദേഹം മാത്രമല്ല, അദ്ദേഹത്തിൻെറ എല്ലാ മുൻഗാമികളും പത്രൊസശ്ലീഹാ കൂടെയും കുററക്കാരും പാപികളുമാണെന്നാണ തെ

ങ്ങളുടെ വിശ്വാസം. യേശുക്രിസ്തുവല്ലാതെ ഒരു നീതിമാനും ഞങ്ങൾക്കില്ല. കടക്കാരന്റെ പണം കൊടുക്കാതിരിക്കാൻ പണം പെട്ടിയിൽവച്ചു പൂട്ടികൊണ്ടു അപ്പനെ ജെയിലിലേക്കുപറഞ്ഞയക്കുന്നവരെയും ഭഗവതിയുടെ ആഭരണം കട്ടു അണിഞ്ഞും കൊണ്ടു എന്നെക്കണ്ടാൽ കണ്ണൻ കട്ടോ എന്ന ഭാവത്തിൽ തന്നത്താൻ നീതീകരിക്കുന്നവരെയും എടമഞ്ഞിമുതലായ ഉപദേശിമാരെയുംപോലെയുള്ള അനേകം "പരിശുദ്ധന്മാർ" നവീകരണത്തിൽ ഉണ്ടായിരിക്കാമെങ്കിലും ഞങ്ങളിലുള്ള മഹാന്മാർപോലും പാപികളാണെന്ന ഞങ്ങൾക്കു പൂർണ്ണസമ്മതമാണ്. അങ്ങനെയുള്ളവൎക്കുവേണ്ടിയാണ കൎത്താവു മരിച്ചതും അനുതാപം വെച്ചിരിക്കുന്നതും. താരകായുക്തിപ്രകാരം വിശ്വാസത്തിൽ മാന്ദ്യം ഉണ്ടാകയോ അധൈൎയ്യപ്പെടുകയൊ പാപത്തിൽ വീഴുകയൊ ചെയ്യുവൎക്കു മേല്പട്ടസ്ഥാനം പാടില്ലെങ്കിൽ പത്രൊസ ശ്ലീഹായും വേഷധാരിയായിരിക്കണം. ഈ രാത്രിയിൽ മൂന്നു പ്രാവശ്യം നീ എന്നിൽ ഉപേക്ഷിക്കുമെന്നു മുമ്പുകൂട്ടി അറിവു കൊടുത്തിട്ടും ഞാൻ അവനെ അറികയില്ലെന്നു പറഞ്ഞു ശപിച്ച പത്രോസിനു പ്രധാനാചാൎയ്യനും അപ്പൊസ്തൊല സംഘത്തിൽ അദ്ധ്യക്ഷനുമാകാമെങ്കിൽ അബ്ദുള്ളാ പാത്രിയക്കീസിനു പാടില്ലെന്നുള്ള യുക്തിയ്ക്കു എന്തു വിലയാണുള്ളതു. അബ്ദുള്ളാ ബാവാ ഈ കാരണത്താൽ വേഷധാരിയാണെന്നു സ്ഥാപിക്കുന്നപക്ഷം വിശുദ്ധ പത്രൊസ എത്രയധികം! മൊത്തത്തിൽ പറഞ്ഞാൽ വേഷധാരണത്തിനു കാരണങ്ങളായി താരക പറഞ്ഞിട്ടുള്ള യുക്തികൾ എല്ലാം കഥയില്ലാത്തവയാണ്. ഞാൻ മുകളിൽ പറഞ്ഞതുപോലെ ഒരുസ്ഥാനത്തെ അസാധുവാക്കുന്ന കാരണങ്ങൾ ഏതെല്ലാമെന്നു വേദപുസ്തകംകൊണ്ടൊ അപ്പൊസ്തൊലസഭയുടെ നടപടികളും നിയമങ്ങളും കൊണ്ടൊ ആദ്യമായി തെളിയിച്ചു ആ കുറ്റങ്ങൾ പ്രസ്തുത സ്ഥാനാഭിഷേകത്തിനുണ്ടെന്നു കാണിച്ചിരുന്നെങ്കിൽ താരകാലേഖനങ്ങൾക്കു വല്ല ബലവുമുണ്ടായിരുന്നേനെ. അവ എന്താണെന്നു നമ്മുടെ എം. എൻ. ഒ.യൊ താരകാധിപരൊ കേട്ടിട്ടുപോലുമില്ല. ഒരു മേല്പട്ടക്കാരൻ പതിവിൽ അധികനേരം കിടന്നുറങ്ങികളഞ്ഞെന്നൊ ഒരുപാത്രിയക്കീസ സാമാന്യത്തിൽ അധികപ്രാവശ്യം മൂത്രവിസൎജ്ജനം ചെയ്യുന്നൊ കേൾക്കുമ്പോൾ അദ്ദേഹം വേഷധാരിയാണെന്നു തീൎച്ചപ്പെടുത്തുവാൻതക്ക ജ്ഞാനമെ നമ്മുടെ താരകയ്ക്കുള്ളു എന്നു ഇതിനാൽ വെളിപ്പെടുന്നു.

ഇനി ഈ തൎക്കത്തിന്റെ ആവശ്യത്തിലേക്കല്ലാ ഞങ്ങളുടെ വായനക്കാരുടെ അറിവിനുവേണ്ടി അബ്ദുള്ള പാത്രിയക്കീസു ബാവാ ഒരിക്കൽ റൊമ്മായിൽചേൎന്ന എന്നു പറയുന്നതിന്റെ ഗുരുലഘുത്വം എത്രമാത്രമുണ്ടെന്നുള്ളതിനു ഒരു തെളിവു ഞാൻ പറയാം. ൧൯൦൨ തൊമ്മൂസ (കൎക്കടകം) മാസം ൨൦ നു (അബ്ദൽമിശിഹ പാത്രിയക്കീസിനെ നീക്കുന്നതിനു വളരെ മുമ്പു) മൂസലിലെ വലിയ ധനവാനും ബൊമ്പായി മുതലായ സ്ഥലങ്ങളിൽകൂടെ കച്ചവടമുള്ളവനുമായ ഖോജാ അന്തൊൻ ഈ നാട്ടിൽ ഒരു സ്നേഹിതനയച്ച എഴുത്തിൽനിന്നു ഒരുഭാഗം താഴെചേൎക്കുന്നു. "മെത്രാൻ അബ്ദുള്ളായെക്കുറിച്ചു നിങ്ങളുടെ എഴുത്തിൽ ചോദിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം ഇപ്പോൾ സ്വദേശമായ പൂനീകിൽ ഒരു ചെറിയ ഭവനം പണിയിച്ചു സ്വസ്ഥമായിരിക്കുന്നു. അമ്മനായക്കാരുടെ കലയിൽ ഇദ്ദേഹത്തിന്റെ മേൽ ചില രാജദ്രോഹകുറ്റം സൎക്കാർ ചുമത്തിയപ്പോൾ ജീവരക്ഷയ്ക്കു ഫ്രെഞ്ചുകോൺസലിന്റെ സംരക്ഷണ പ്രാപിക്കാൻ വേണ്ടി താൻ റോമ്മാക്കാരൻ എന്നു നടിച്ചു എന്നല്ലാതെ അദ്ദേഹത്തിനു ഒരു കുറ്റവുമില്ല. പാപ്പാക്കാർ അദ്ദേഹത്തിനു ഇടവകഭരണവും ശമ്പളവും കൊടുക്കാമെന്നു പറഞ്ഞിട്ടും അദ്ദേഹം സ്വീകരിക്കാതെ സ്വദേശത്തു സ്വസ്ഥമായിരിക്കയാണ്. തന്നെ സ്വീകരിക്കണമെന്നു പാത്രിയക്കീസു ബാവായോടു അദ്ദേഹം പല പ്രാവശ്യം അപേക്ഷിച്ചിട്ടും ബാവാ സമ്മതിക്കുന്നില്ല. ഇനിക്കു പോയമാസത്തിൽ അദ്ദേഹത്തിൽനിന്നു കിട്ടിയ എഴുത്തിൽ ഈ പാത്രിയക്കീസു കാലം ചെയ്തു വേറൊരു പാത്രിയക്കീസ സ്ഥാനാരോഹണം ചെയ്യുന്നതുവരെ ഇരിപ്പാൻ ഇനിക്കു ആയിസ്സുണ്ടാകുന്നപക്ഷം അന്നു നാം തമ്മിൽ അഭിമുഖമായി കണ്ടുകൊള്ളാമെന്നു എഴുതിയിരിക്കുന്നു". അദ്ദേഹം യാക്കോബായ സഭയെ ശപിച്ചു എന്നും മറ്റും താരക പറയുന്നതിന്റെ അവസ്ഥ ഇപ്രകാരമാകുന്നു.

താരകയുടെ ആക്ഷേപങ്ങളെ വാദത്തിനു വേണ്ടി സമ്മതിച്ചുംകൊണ്ടു ആലോചിച്ചാലും താരകാവാദം അസ്ഥാനത്തിലാണെന്നു മേൽപ്പറഞ്ഞ ഭാഗങ്ങളാൽ

വെളിവായല്ലൊ. സ്ഥാനഭ്രംശം ചെയ്യുന്നതു സുൽത്താനാണെന്നു താരകയും അല്ല സഭയാണെന്നും സുൽത്താൻ സഭയുടെ അപേക്ഷയെ സ്വീകരിക്കയാണെന്നും ഞാനും വാദിച്ചു. രാജാവു സ്ഥാനഭ്രംശം ചെയ്യുന്ന എന്നുള്ള പദപ്രയോഗം ഒരിക്കൽ ഇടവകപത്രികയിലും മനോരമയിലും കണ്ടതുകൊണ്ടു ഞാൻ തെറ്റിപ്പോയി എന്നാണ താരക ഇപ്പോൾ പറയുന്നതു. താരകയുടെ തൎക്കത്തിൻെറ അടിസ്ഥാനം അന്വെഷിച്ചാൽ ഒരു കഥയുമില്ലെന്നു കാണാം.

താരക കൊട്ടിഘോഷിക്കുന്ന പത്രികയിലെ ഉപന്യാസം കണ്ണു തുറന്നും മനസ്സിരുത്തിയും വായിക്കാതെയാണ താരക പുറപ്പെട്ടിരിക്കുന്നതു. "ഞങ്ങൾക്കു നേരിട്ടു യാതൊരറിവും കിട്ടിയിട്ടില്ല"ന്നും മനോരമ ഇന്നപ്രകാരം പറയുന്നു എന്നും അതുകൊണ്ടു അങ്ങിനെ "ആയിരിക്കാം" ഇങ്ങനെ "ആണത്രെ" എന്നും മറ്റും സംശയാൎത്ഥത്തിൽ പത്രിക പറഞ്ഞിട്ടുള്ള വാചകങ്ങളിന്മെൽ ആണ താരകാലേഖകൻെറ കയുക്തികളെല്ലാം സ്ഥാപിക്കപ്പെട്ടിരിക്കുന്നതു. ഇടവകപ്പത്രികയുടെ സംശയാൎത്ഥപ്രകടനം മനൊരമാപ്രസംഗത്തിന്മേലും മനോരമയുടെ അഭിപ്രായം ഗാൎഡിയൻ എന്ന ഇംഗ്ലീഷ പത്രത്തിന്മെലും സ്ഥാപിച്ചിരിക്കുന്നു. അപ്പോൾ താരകയുടെ സാക്ഷാൽ അടിസ്ഥാനം ഗാൎഡിയനാണ. അന്നത്തെ ഗാൎഡിയൻ ഇപ്പൊൾ എൻെറ കൈവശമില്ലെങ്കിലും അതു വായിച്ചു ഓൎമ്മ എനിക്കും മനോരമ പത്രാധിപൎക്കും ഉണ്ടു. ഗാൎഡിയൻെറ യെറ്റവും ലേഖകൻ കിഴക്കെസഭകളെക്കുറിച്ചു പലതും എഴുതിയക്രുട്ടത്തിൽ നാലഞ്ചു വരി മാത്രമടങ്ങിയ ഒരു പാറാഗ്രാഫാണ യാക്കൊബായസഭയെക്കുറിച്ചുണ്ടായിരുന്നതു. അതു ഏകദേശം ഇപ്രകാരമായിരുന്നു:— "ഈയിടെ സിറിയൻ പാത്രിയൎക്കീസിനെ പോൎട്ട (തുൎക്കിഗവൎമ്മെണ്ടു) സ്ഥാനഭ്രംശം ചെയ്തിരിക്കുന്നു. മെത്രാന്മാരുടെ ആവലാധിയാണ കാരണം. അവരുടെ സ്ഥാനാപതിയായ മെത്രാപ്പൊലീത്താ അതിനെ സ്ഥിരപ്പെടുത്തിയിരിക്കുന്നു. രാജതന്ത്രം (പൊലിറ്റിക്സ) സംബന്ധമായ ചില കാരണങ്ങളും ഇതിൽ അന്തൎഭവിച്ചിരിക്കാം." തുൎക്കിഗവൎമ്മെണ്ടിൻെറ അപരിഷ്കൃത ഭരണരീതിയെക്കുറിച്ചു മനൊരമയ്ക്കുള്ള അറിവിനെ ആസ്പദമാക്കി സ്വന്ത അനുമാനങ്ങൾ ചേൎത്തു ഇതിൽനിന്നു ഒരു ദീൎഘപ്രസംഗം എഴുതിയതിൽ മനോരമ എന്തെല്ലാം പറഞ്ഞിരുന്നാലും അതൊന്നും യാക്കോബായസഭയെയൊ പാത്രിയൎക്കീസിനെയൊ ബാധിക്കുന്നതൊ സംഗതിയുടെ സൂക്ഷ്മജ്ഞാനമൊ ആയിരിക്കയില്ലെന്നു സ്പഷ്ടമാകുന്നു. താരകയുടെ രണ്ടു ലക്കങ്ങളിൽ മനോരമയിൽനിന്നും പത്രികയിൽനിന്നും നീട്ടിക്കെട്ടി പകൎത്തി കൊട്ടിഘോഷിച്ചിരിക്കുന്ന ഭാഗങ്ങളെല്ലാം ഉറപ്പില്ലാത്ത മണലിന്മെൽ സ്ഥാപിച്ച അടിസ്ഥാനവും ഉള്ളി പൊളിച്ചതുപോലെ കഴമ്പില്ലാത്തതുമാണെന്നു ഇതുകൊണ്ടു കാണാം. നേരെമറിച്ചു യഥാൎത്ഥം മനസ്സിലാക്കിയപ്പോൾ "ഗവൎമ്മെണ്ടിൻെറ വിരോധമല്ല, സമുദായത്തിൻെറ അതൃപ്തിമൂലം ജനങ്ങളുടെയും മെത്രാന്മാരുടെയും ആവലാധിയെ പ്രമാണിച്ചു ഗവൎമ്മെണ്ടു പ്രവേശിച്ചതാണെന്നു" ഞങ്ങൾക്കറിവുണ്ടെന്നു ഇപ്പഴത്തെ തൎക്കം പുറപ്പെടുന്നതിനു വളരെ മുമ്പെ തന്നെ പത്രിക പറഞ്ഞിട്ടുള്ളതിനെ താരക അന്വേഷം ഗണ്യമാക്കുന്നില്ല. "ഞങ്ങൾക്കറിവില്ല," "ആയിരിക്കാം" "ആണത്രെ" എന്നിങ്ങനെ പത്രിക പറഞ്ഞതെല്ലാം താരകയ്ക്കു കല്ലേൽ ചിത്രവും "ഞങ്ങൾക്കറിവുണ്ടെന്നു" പറഞ്ഞതു അഗണ്യവുമായി തീൎന്നതു ആലോചിച്ചാൽ താരകയുടെ ദുർബുദ്ധി സ്പഷ്ടമാകുന്നു.

ഈ വാദത്തിൻെറ പരിണാമത്തിനു വേറൊരു തെളിവു ക്രുടെ ഞങ്ങൾ പറയാം. ഒടുവിലത്തെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു സിംഹാസനത്തുങ്കൽ നിന്നു വന്ന കല്പനക്കത്തൊടുക്രുടി മേൽപ്പേരുപറഞ്ഞ കോജാ അന്തൊൺ അയച്ചു എൻറന്നു നീസൊൻ (മേടം) ൭-നു- ലെ എഴുത്തിൽ ഇപ്രകാരം പറയുന്നു. "അബ്ദൽമിശിഹാ പാത്രിയൎക്കീസുമായി യോജിച്ചു അദ്ദേഹത്തെത്തന്നെ സ്വീകരിക്കയാണ നല്ലതെന്നു സുൽത്താൻ പൌലൂസ എപ്പിസ്കോപ്പായോടു (രാജധാനിയിൽ ഇരിക്കുന്ന സുറിയാനി പ്രതിനിധി) നിൎബ്ബന്ധമായി പറയുന്നു. എങ്കിലും മെത്രാന്മാൎക്കു സമ്മതമില്ല. അതിനാലാണ സുന്നഹദോസ വിളിച്ചുക്രുട്ടുന്നതു. മൂസൽക്കാരായ ഞങ്ങൾ ഒന്നിലും പ്രവേശിക്കുന്നില്ല. സഭയും മേല്പട്ടക്കാരും ആരെ തിരഞ്ഞെടുക്കുന്നുവൊ അതൊടു ഞങ്ങൾ ചേരാൻ വിചാരിച്ചിരിക്കയാണ". ഗവൎമ്മെണ്ടിൻെറ പ്രവേശനത്തിൻെറ ശക്തിയും അബ്ദുള്ളാ പാത്രിയൎക്കീസു കൊടുത്ത താലി

താരക പറയുന്ന കൈക്രൂലിയുടെ പ്രാബല്യവും എത്രമാത്രമുണ്ടെന്നു ഇതുകൊണ്ടു കാണാമല്ലൊ.

താരകയുടെ ആദ്യലേഖനം "യാക്കോബായക്കാരുടെ ചങ്കു തുളച്ചുന്ന"താണെന്നു പറഞ്ഞു താരകാ ലേഖകൻ തന്നെത്താൻ പ്രശംസിക്കുന്നുണ്ടു. ഇദ്ദേഹത്തിന്റെ ശുദ്ധഗതി ദയനീയംതന്നെ. താരക എത്ര ശ്രമിച്ചാലും യാക്കോബായപാത്രിയക്കീസിനെ വേഷധാരിയാക്കാൻ സാധിക്കയില്ല. നവീകരണത്തിലെ യോഗ്യന്മാരും ഇതു സമ്മതിക്കയില്ല. അവരുടെ കൂട്ടത്തിൽ വല്ല കിന്നാരി വക്കീമാക്കൊക്രനൻ ദാനിയേലന്മാക്കൊ അല്ലാതെ അക്കും ഇതു ബോദ്ധ്യമാകയുമില്ല. യാക്കോബായ പാത്രിയക്കീസു പാത്രിയക്കീസാണെന്നു ലോകം മുഴുവൻ സമ്മതിക്കും. അദ്ദേഹത്തിന്റെ കൈവെപ്പിന്റെ സാധുത്വത്തെ തക്കിപ്പാൻ ആരും ഉണ്ടാകയുമില്ല. യാക്കോബായക്കാരെ സംബന്ധിച്ചടത്തോളം താരകയുടെ വെടി രോമം കരിപ്പാൻ പോലും മതിയാകയില്ല. എന്നാൽ ആ വെടി ഒരിടത്തു ചങ്കു തുളച്ചിട്ടുണ്ടു. കോട്ടയത്തു സിമ്മനാരിയിൽനിന്നു മാരാമണ്ണുപള്ളിയിലേക്കും അവിടെനിന്നു പാലക്കുന്നത്തു മേടയിലെ ഒഴിവാരത്തിലേക്കും സ്ഥലം മാററി സ്ഥാപിച്ചിരിക്കുന്ന "മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മെൽ" ചുവപ്പു ളോഹധരിച്ചു സ്ഥിതി ചെയ്യുന്ന രണ്ടു പരമാത്ഥികളുടെ ശങ്കു താരകയുടെവെടികൊണ്ടു തകന്നിരിക്കയാണ. കഴിഞ്ഞപത്രികയിലെ നവീകരണ ലേഖകൻപറഞ്ഞതുപോലെ അന്ത്യോഖ്യായിലെവേഷധാരിയിൽനിന്നു കിട്ടിയ സ്ഥാനത്തിന്റെ ഉഛിഷ്ടത്തെത്തന്നെ ആശ്രയിച്ചിരിക്കുന്ന ഇവരെ താരക വേഷധാരികളാക്കിയിരിക്കയാണ. കുമ്പനാട്ടച്ചന്റെ പുറകെ മുണ്ടുടുപ്പിച്ചു ഇവരെയും ഇറക്കിവിടാൻ ഇനി ഒട്ടും താമസവുമില്ല. അതിനാൽ താരകയുടെ വെടി നല്ല സ്ഥാനത്തുതന്നെയാണ കൊണ്ടിരിക്കുന്നതെന്നു ഞാനും സമ്മതിക്കുന്നു. എങ്കിലും തങ്ങളുടെപിതാക്കന്മാർ എന്നു താരകയും സമ്മതിക്കുന്ന ആ ശുദ്ധാത്മാക്കളുടെ ശങ്കിനുനേരെ ഇത്രവലിയ ഉണ്ടവിട്ട എം. എൻ. ഒയുടെയും അതിലേക്കു താരക തോക്കു വിട്ടുകൊടുത്ത പത്രാധിപരുടെയും കൃതഘ്നത വിസ്മയനീയം തന്നെ. ആ സാധുക്കളെ ളോഹ ഊരിച്ചു മുണ്ടുടുപ്പിച്ചു വിടണമെന്നു ഇത്ര വൈരാഗ്യം തോന്നുവാൻ തക്കവണ്ണം അവർ ഇവരോടു എന്തു ദ്രോഹമാണ ചെയ്തതു? മറെറാന്നുമില്ലെങ്കിലും പത്രാധിപ ഉദ്യോഗം തന്നതു അവരല്ലെ. മൂന്നുമാസം തികഞ്ഞില്ലല്ലൊ. ഇത്ര ക്ഷണം ആ നന്ദി മറന്നു ഉരുളതന്ന കൈക്കു കടിച്ചതു എത്ര കഷ്ടം! ഈശ്വര വിശ്വാസമില്ലാത്ത നാസ്തികന്മാരിലും കഠിനഹൃദയന്മാരായ തുലുക്ക സന്താനങ്ങളിലും അഞ്ചരക്കാരുടെ സ്നേഹൈക്യതയിൽ ജനിച്ചു മാമ്മൂദീസാവെള്ളം ശിരസ്സിൽ വീണിട്ടില്ലാത്ത നാമധെയക്രിസ്ത്യാനികളിലും പോലും കാണ്മാൻ കഴിയാത്ത അമാനുഷീകമായ ഒരു കൃതഘ്നതയാണ ഇതെന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയല്ല.

കെ. എം. സി.

---

## ഞാൻ ഞാൻതന്നെ.

കഴിഞ്ഞ ഇടവത്തിലെ പത്രികയിൽ എന്റെ പേരിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം ഞാൻതന്നെ എഴുതിയതാണ. "മാർ തോമ്മാ സമുദായത്തിൽ" എന്റെ പേരിൽ ഒരാൾ ഇല്ലെന്നു മിഥുനത്തിലെ സഭാതാരകയിൽ പറയുന്നതും നിങ്ങളോടു എഴുതിച്ചോദിച്ചതും താരകാധിപക്കു എന്നെ അറിവില്ലാഞ്ഞിട്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല. അറിവില്ലെങ്കിൽ ഇനി അറിയക്കണമെന്നു എനിക്കു തോന്നുന്നുമില്ല. "മാർ തോമ്മാ സമുദായക്കാർ" എന്ന പേരിൽ ഈ കാലത്തു പല ശാഖകൾ ഉൾപ്പെട്ടിട്ടുണ്ടു. മെത്രാനും, കത്തനാരും, തരകാധിപരും, പുരുഷനും, സ്ത്രീയും എന്നുവേണ്ടാ എല്ലാ ക്രിസ്ത്യാനികളും ഒരുപോലെ രാജാക്കന്മാരും, ആചാൎയ്യന്മാരും, പാത്രിയക്കീസന്മാരും, പാപ്പാമാരുമാണെന്നു വിശ്വസിക്കുന്ന ഒരു കക്ഷിയുണ്ടു. കൈവെപ്പിനാൽമാത്രം ആചാൎയ്യസ്ഥാനം പ്രാപിക്കുന്നു എന്നു വിശ്വസിക്കുന്ന വേറൊരു കക്ഷിയുണ്ടു. പഴയ ആചാരങ്ങളിലും വിശ്വാസങ്ങളിലും പലതും അംഗീകാൎയ്യങ്ങളാണെന്നു വിചാരിക്കുന്ന കൂട്ടരുണ്ടു. അ

വയെല്ലാം മൂഢതകളാണെന്നു പറഞ്ഞു തോന്ന്യാസമട്ടിൽ നടക്കുന്നവർ ഉണ്ടു. രക്ഷിക്കപ്പെട്ടവർ എന്നൊരു കൂട്ടർ ഉണ്ടു. ഇങ്ങനെ പല തരത്തിലും വേഷത്തിലും കൂത്താടുന്നവരെല്ലാം "മാർത്തോമ്മാസമുദായം" എന്ന പൊതുപ്പേരിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു പത്രിക പലപ്പൊഴും പറയാറുള്ളതു വാസ്തവമാണു. എന്നാൽ ഇവയിൽ ഒന്നായ കോവൂരച്ചന്റെ കക്ഷിയിലും വിശ്വാസത്തിലും നില്ക്കുന്ന ഒരു "മാർത്തോമ്മാക്കാരനാ"ണു ഞാൻ; അതുകൊണ്ടു "താന്താൻ ബുദ്ധിയിൽ തോന്നതോം" എന്ന തത്വം സ്വീകരിക്കുന്നവരിൽ ഒരാളായ താരകാധിപർ അവർകൾ എന്നെ "മാർത്തോമ്മാക്കാരനാ"യി അംഗീകരിച്ചിട്ടില്ലായിരിക്കും എന്നല്ലാതെ എന്നെ സംബന്ധിച്ചു താരക പറയുന്ന നിഷേധ പ്രസ്ഥാവനയ്ക്കു മറ്റു കാരണങ്ങൾ ഞാൻ കാണുന്നില്ല.

പി. കെ. കൊച്ചുമത്തായി,

---

## സുറിയാനിസഭയുടെ തല്ക്കാലാവസ്ഥയെ സംബന്ധിച്ച ചില വിമൎശനങ്ങൾ.

(൧൦൭൯ ഇടവം ൧൭-ാം നു കൂടിയ സമ്മേളനത്തിൽ
മിസ്റ്റർ ഒ. എം. ചെറിയാൻ ബി. എ. എൽ. റി.
വായിച്ചതു.)

ദിവസവും രാവിലെ പത്തു മണിമുതൽ നാലു മണിവരയ്ക്കും നല്ല ചുണക്കുട്ടികളായ വിദ്യാൎത്ഥികളുടെ കുണ്ടാമണ്ടിത്തരങ്ങളെ കാണുകയും, കണ്ടില്ലെന്നുഭാവിക്കുകയും, അവരിൽ സാധുക്കളായവരെ ബെഞ്ചിന്മേൽ കയറ്റി നിൎത്തുകയും ആകുന്നു, വിശപ്പടക്കാനായി ഞാൻ കണ്ടുപിടിച്ചിരിക്കുന്ന വിദ്യ. ചുമതലയേറിയ ഈ കൃത്യത്തെ നിൎവഹിക്കുന്നതിനു ആവശ്യമായ ശ്രമാധിക്യംകൊണ്ടും എന്റെ അദ്ധ്യാപകസ്ഥാനം സുറിയാനിസഭാകാൎയ്യങ്ങളുടെ ഒരു ഉല്പത്തിസ്ഥാനം എന്നു ഗണിപ്പാൻ അൎഹതയില്ലാത്ത തിരുവനന്തപുരത്തായിരിക്കുന്നതുകൊണ്ടും, സുറിയാനിസഭാസ്വഭാവത്തെ സൂക്ഷ്മനിരീക്ഷണംചെയ്തു ഒരു വിധി പ്രസ്താവിപ്പാൻ എനിക്കു അൎഹതയുണ്ടായിരിക്കാൻ ഇടയില്ല എന്നുള്ള മതത്തെ, ഈ പ്രസംഗാവശ്യം പ്രമാണിച്ചു, ഞാൻ ആക്ഷേപിക്കുന്നു. പാറക്കണ്ടങ്ങൾ സരസ്സുകൾ സസ്യവൎഗ്ഗങ്ങൾ മുതലായ പൎവ്വതസംബന്ധിത പദാൎത്ഥങ്ങൾ അല്ല, പൎവ്വതത്തിന്റെ സാമാന്യസ്വരൂപം സംസ്ഥാനസമ്പ്രദായം മുതലായ സ്ഥൂലകാൎയ്യങ്ങൾതന്നെയാണു ദൂരസ്ഥനായ ഒരു പ്രേക്ഷകന്റെ ദൃഷ്ടികളിൽ പതിക്കുന്നതു', എന്ന ന്യായത്തെ അടിസ്ഥാനമാക്കി, സ്ഥൂലങ്ങളായ ഏതാനും സുറിയാനിസഭാസ്വഭാവവിശേഷങ്ങളെ ഇവിടെ വിമൎശിക്കാം. കൎമ്മബലംകൊണ്ടും ജന്മബലംകൊണ്ടും സുറിയാനിസമുദായ നായകത്വം വഹിക്കുന്ന മാന്യന്മാരായ പലർ ഉൾപ്പെട്ടിരിക്കുന്ന ഈ സദസ്സിൽ, സുറിയാനിസഭയെ സംബന്ധിച്ചു ഒരു സ്ഥൂലകാൎയ്യാവലോകനം സ്വീകാൎയ്യമായിത്തന്നെ ഇരിക്കുന്നതാണല്ലോ.

ഉത്സാഹവാനായ മിസ്റ്റർ ഇ. എം. ഫിലിപ്പ് അവർകൾ ഒരു തെറ്റിദ്ധാരണകൊണ്ടെങ്കിലും പ്രസ്താവിപ്പാൻ ഇടയായതു നിമിത്തവും എന്റെ എൽ. ടി. പരീക്ഷയെ ബഹുമാനിച്ചും, ഒരു വിദ്യാഭ്യാസ വിമർശംകൊണ്ടുതന്നെ ഞാൻ ആരംഭിക്കാം.

വിദ്യാഭ്യാസവിഷയത്തിൽ അല്പകാലം മുമ്പുവരെയ്ക്കും വളരെ പിന്നോക്കമായിരുന്ന ശേഷം പെട്ടെന്ന് ഈ വിഷയം സംബന്ധിച്ചു ഒരു ഉണർച്ച ഉണ്ടാകയും, രണ്ടു അച്ചടിശാലകൾ നാലു ഇംഗ്ലീഷു ഹൈസ്കൂളുകൾ ഒമ്പതു മിഡിൽസ്കൂളുകൾ മുതലായ സ്ഥാപനങ്ങളെ, ഇംഗ്ലീഷു വിദ്യാഭ്യാസംകൊണ്ടുള്ള ഗുണഫലങ്ങളെ മുമ്പെ തന്നെ അനുഭവിക്കാൻ ഇടയായ അന്യസമുദായങ്ങളുടെ ധൈര്യത്തെക്കവിഞ്ഞും വിദേശീയ ധനസാഹായ്യത്തെ ആശ്രയിക്കാതെയും ഗണ്യമായ രീതിയിൽ ഭരിച്ചുവരുകയും, ചെയ്യുന്ന സുറിയാനി സമുദായത്തിന്റെ വിദ്യാഭ്യാസോന്മുഖമായ താല്ക്കാലിക സ്ഥിതി, വിദ്യാഭ്യാസ വിഷയം ജീവിതസ്വപ്നമായി സ്വീകരിക്കാൻ ഇടയായിട്ടില്ലാത്ത അന്യന്മാരുടെ ശ്രദ്ധയേയും ആകർഷിക്കത്തക്ക പ്രാഭവം ഉള്ളതാണ്. യഥാസ്ഥിതികത്വത്തെ പ്രമാണമാക്കി കുറച്ചുകാലത്തേക്കു ഇംഗ്ലീഷുവിദ്യാഭ്യാസകാര്യത്തെ ഗണ്യമാക്കാതെയിരുന്നു എങ്കിലും, കാലാനുസാരമായ പരിഷ്കാരത്തെ അനുവദിക്കുന്ന സുറിയാനിസമുദായബുദ്ധിയുടെ സുചപലത്വം ശുഭോദർക്കമായിട്ടുള്ളതുതന്നെ. പെട്ടെന്നുണ്ടായ ഇംഗ്ലീഷു വിദ്യാഭ്യാസാഭിരുചിയുടെ ഫലങ്ങളായി സുറിയാനി സമുദായത്തിന്റെ നാനാഭാഗങ്ങളിൽ മുളച്ചു വികസിച്ചിരിക്കുന്ന വിദ്യാശാലകൾ, പ്രാരംഭദശയിൽ അന്യോന്യസംസർഗ്ഗം ലഭിക്കാതെ ഇടവകകളിൽ വേറെ വേറെ വളർന്നതു സ്വാഭാവികവും പലപ്രകാരങ്ങളിൽ ഗുണകാരണവും ആണെങ്കിലും, ഏതെങ്കിലും ഒരു രീതിയോടു അനുബന്ധിക്കപ്പെട്ടു ഒരേഭരണസമ്പ്രദായത്താൽ നയിക്കപ്പെടത്തക്ക അവസരം അതിക്രമിച്ചിരിക്കുന്നു, എന്നാണു എനിക്കു സ്വയമായി തോന്നിയിട്ടുള്ളതും മിസ്റ്റർ ഇ. എം. ഫിലിപ്പ് അവർകൾ സുറിയാനിസമുദായ വിദ്യാഭ്യാസരീതിയെക്കുറിച്ചു എനിക്കു വിസ്താരമായി എഴുതിയിരുന്ന ഒന്നു രണ്ടു പ്രൈവേറ്റു കത്തുകളിൽ പ്രസ്താവിച്ചിരുന്നതും. ഒരേ സമുദായത്തിന്റെ അംഗങ്ങളാൽ ഭരിക്കപ്പെടുക നിമിത്തം സ്വഭാവസാമ്യം ഉദ്ദേശൈക്യം വിഷയൈക്യം മുതലായ ഗുണങ്ങളെ അവശ്യം പ്രദർശിപ്പിച്ചുപോരുന്ന ഈ വിദ്യാശാലകൾ ഭിന്നരീതികളിൽ നടക്കുന്നതായാൽ കുഴപ്പങ്ങൾ അനേകം നേരിടാനിടയുണ്ടു. വേറെ വേറെ ഭരണത്തിനധീനങ്ങളായ സ്കൂളുകളിൽ ക്ലാസ്സുകയറ്റം ലഭിക്കുന്നതിനു ഒരു വിദ്യാർത്ഥിക്കു ആവശ്യമായിരിക്കുന്ന പാത്രത്വം, ഓരോ തരത്തിലായിരിക്കാനെ തരമുള്ളു. ഒരു സ്കൂളിൽ ഒരു വിദ്യാർത്ഥിക്കു പാഠവിഷയങ്ങളിൽ

ആററിനു ൩൫ വീതം മാൎക്ക് ലഭിച്ചു എന്നിരിക്കട്ടെ. ആ വിദ്യാൎത്ഥി ആ സ്കൂളിലെ ചട്ടപ്രകാരം ആററിനു നാല്പതുവീതം മാൎക്ക് ലഭിക്കാഞ്ഞതിനാൽ പ്രമോഷൻ കിട്ടാത്തവനായും, ആററിനു മുപ്പതുവീതം മാൎക്ക് ലഭിച്ചു അവര് സ്കൂളിൽനിന്നു വിജയവും അതിന്റെ ശേഷം സൎട്ടിഫിക്കേററും സമ്പാദിച്ചു വേറൊരു വിദ്യാൎത്ഥി ൩൫ മാൎക്ക് വീതം ലഭിച്ചെങ്കിലും പരാജിതനായ പ്രസ്തുത വിദ്യാൎത്ഥിയുടെ സ്കൂളിൽ ഉയൎന്ന ക്ലാസിൽ പ്രവേശം ലഭിക്കുന്നവനായും, വരാം. ഇങ്ങനെയുള്ള ദോഷങ്ങളുടെ പരിഹാരത്തിനായും, സൎവ്വസാധാരണമായ ഒരു മാനദണ്ഡം പ്രയോഗിച്ചു സ്വശിഷ്യന്മാരുടെ വളൎച്ചയെ അളക്കുന്നതിനു കഴിവു വരുന്ന അദ്ധ്യാപകന്മാൎക്കുണ്ടാകാൻ ഇടയുള്ള കൃതാൎത്ഥതയുടേയും അന്വേഷണബുദ്ധിയുടേയും പരിണാമങ്ങളുടെ സംവൎദ്ധനത്തിനായും, ഏക രീതിയിൽ വരുത്താവുന്ന എല്ലാസ്കൂളുകളേയും അങ്ങനെ വരുത്തേണ്ടതാണെന്നുള്ള തത്വം, വിദ്യാഭ്യാസധുരന്ധരന്മാർ ഇപ്പോൾ ആദരിച്ചുപോരുന്ന ഒന്നാണ്. ഇവിടെ വിസ്തരിപ്പാൻ ആവശ്യമില്ലാത്ത ചില വിദ്യാഭ്യാസ കാൎയ്യങ്ങൾ പ്രമാണിച്ചു താഴന്ന ക്ലാസ്സുകളുടെ പരീക്ഷയും ക്ലാസ്സുകയററവും വേറെ വേറെ തന്നെ അവശ്യം നടക്കേണ്ടതാണെങ്കിലും, ഉയൎന്നക്ലാസ്സുകൾക്കു കമ്പാററീവു പരീക്ഷ ഫലപ്രദായകവും സ്വീകാൎയ്യവും തന്നെ. ഉയൎന്ന ക്ലാസ്സുകൾക്കു തിരുവിതാംകൂർ ഗവൎമ്മെണ്ടുവകയായ എല്ലാ സ്കൂളുകളിലേക്കും ഒരേ ചോദ്യകടലാസാണെന്നു, ഡിസംബർ മാസത്തിൽ ൭൦൦-ം ൮൦൦-ം വീതം കടലാസുകെട്ടുകൾ ഒരൊററവിഷയം സംബന്ധിച്ചു വായിച്ചു മാൎക്കിട്ടു കണ്ണു കഴച്ചിട്ടുള്ള ഞാൻ ഒരിക്കലും മറക്കാത്തവിധത്തിൽ അറിഞ്ഞിട്ടുണ്ട്. സി. എം. എസ്സ് മിഷ്യനറിമാരുടെ വകയായ സ്കൂളുകളിലും കമ്പാററീവു പരീക്ഷ ഉണ്ടെന്നാണു തോന്നുന്നതു്. ഇങ്ങനെ കമ്പാററീവു പരീക്ഷയും അതിന്റെ ഫലം അനുസരിച്ചു ക്ലാസ്സുകയററവും നടത്തുന്നതിനു ഒരു കമ്മററിയും ഊൎജ്ജസ്വലനായ ഒരു പ്രസിഡണ്ടും ഉണ്ടാവണമെന്നാണ് എന്റെ അപേക്ഷ. എന്നാൽ ഒരു സംഗതി വിസ്മരിക്കപ്പെടരുതു. പരീക്ഷാഭാരവാഹിത്വം ഭരമേല്ക്കുന്ന പുരുഷനൊ കമ്മററിയൊ സ്വതന്ത്ര്യഗൌരവത്തെക്കുറിച്ചു ബോധമില്ലാതെ വരുന്നപക്ഷം—ഉറവയിൽ വിഷം കലങ്ങിയ നദീജലം പോലെ സുറിയാനി സമുദായത്തിന്റെ വിദ്യാഭ്യാസ യന്ത്രത്തിന്റെ നാനാംശങ്ങളും കേട്ടുതട്ടി കാൎയ്യക്ഷമ അല്ലാതെ ഭവിച്ചു അത്യന്തം ശോചനീയമായ ഒരു അവസ്ഥയെ പ്രാപിക്കുന്നതായിരിക്കും. എന്നാൽ ചുമതലയെക്കുറിച്ചുള്ള ഭയം ഉയൎച്ചയ്ക്കുള്ള അപാത്രതയെ സൂചിപ്പിക്കുകയാണെന്നുള്ള തത്വത്തെ ആദരിക്കുകയും, സുറിയാനി സമുദായത്തിന്റെ വിദ്യാഭ്യാസകാൎയ്യത്തെ ഏക രീതിക്കു ഘടിപ്പിച്ചു സ്കൂളുകളെ ഒക്കെ

ശ്യം ഒരു ശരീരത്തിന്റെ അംഗങ്ങളാക്കി വിനിയമനം ചെയ്യുകയും, ചെയ്യുന്നതായാൽ, സുറിയാനിസമുദായ വിദ്യാഭ്യാസധുരംധരന്മാരായിരിപ്പാൻ സൌഭാഗ്യം സിദ്ധിച്ചിരിക്കുന്ന യോഗ്യന്മാർ സുറിയാനി സമുദായവിദ്യാശാലകളുടെ ഭാവിശ്രേയസ്സിനു ഒരു നല്ല അടിസ്ഥാനത്തെ സ്ഥാപിക്കുകയായിരിക്കും. ഇതു സംബന്ധമായി അവശ്യം ഉണ്ടാകുന്ന ഉപസംഗതികളിലേക്കു ഞാൻ ഇപ്പോൾ പ്രവേശിക്കുന്നില്ല. സമുദായം വകയിൽനിന്നു ധനസഹായം യാതൊന്നും ലഭിക്കാതെ സ്വതന്ത്രമായി നടന്നുവരുന്ന വിദ്യാശാലകളെ പ്രസ്തുതരീതിക്കു വ്യവസ്ഥാനുസാരികളാക്കുന്നതിനുള്ള മാർഗ്ഗം, കമ്പാററീവു പരീക്ഷ നടക്കുന്ന ഓരോവിഷയം സംബന്ധിച്ചും വരാൻ ഇടയുള്ള വലിയ കടലാസുകെട്ടുകളെ വായിച്ചു മാർക്കു കൊടുക്കുന്നതിനു അദ്ധ്യാപകന്മാർക്കു നല്ല മനസ്സു തോന്നുന്നതിനുള്ള അനുനയനസമ്പ്രദായം, കമ്പാററീവു പരീക്ഷയിൽ യോജിക്കാതെ മത്സരിച്ചു നില്ക്കാൻ ഇടയുള്ള വിദ്യാശാലാഭാരവാഹികളോടു പ്രദർശിപ്പിക്കേണ്ട അസന്തോഷപ്രകാരം, എന്നിങ്ങനെയുള്ള പല ഉപസംഗതികൾ ആലോചിക്കപ്പെടേണ്ടവയും വിദ്യാശാലാസമാഹരണം സംബന്ധിച്ചു പ്രസ്താവിക്കപ്പെട്ട അഭിപ്രായം സാമാന്യമായി സ്വീകരിക്കപ്പെടുന്നപക്ഷം ഒരു സബ്ബ കമ്മട്ടിയാൽ പരിഗണിക്കപ്പെടാവുന്നവയും, ആണ്.

൮. സ്കൂളുകളിൽ നടക്കുന്ന വിദ്യാഭ്യാസം കേവലം ഒരു വിദ്യാപ്രാരംഭംമാത്രമായിട്ടാണു ഗണിക്കപ്പെടേണ്ടതും പരിഷ്കൃതന്മാരാൽ ഗണിക്കപ്പെടാറുള്ളതും. വിദേശസഞ്ചാരം വിദ്യാഭ്യാസപരിപൂരണത്തിനു അത്യാവശ്യമായ ഒരു അനുപാനമായി പല യൂറോപ്യന്മാരും കഴിച്ചുവരാറുള്ളതാണ്. കലാശാലാബിരുദവാഹന്മാരായ സുറിയാനി യുവാക്കന്മാർ പരദേശാടനം ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായപ്രസ്താവം, കേരളലോകപരിചയം നല്ലവണ്ണം സിദ്ധിച്ചു കേരളലോകത്തിന്റെ ഏതല്ക്കാലാവസ്ഥയുടെ ശക്തിഹീനതയെക്കുറിച്ചു ബോധം വന്നിട്ടുള്ള പക്വമാനസന്മാരായ മാന്യന്മാർക്കു രുചിക്കാനിടയില്ലെന്നു എനിക്കു അറിയാം. എന്നാൽ കേവലസഞ്ചാരത്തെ മാത്രം ഉദ്ദേശിക്കാതെ ഉയർന്നതരം വിദ്യാഭ്യാസം ഒരു വിദ്യാമന്ദിരത്തിൽ നിന്നു സമ്പാദിക്കണമെന്നു ഉദ്ദേശിച്ചു, ബുദ്ധിമാന്മാരായ സുറിയാനിയുവാക്കന്മാർ ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിൽ ഏതാനും വർഷങ്ങൾ താമസിക്കുന്നതിനു സുറിയാനി സമുദായം ഒരു ഏർപ്പാടുണ്ടാക്കിയാൽ പല പ്രകാരങ്ങളിൽ ഉൽകർഷം ഉണ്ടാകാനിടയുണ്ടെന്നു, തിരുവനന്തപുരത്തു പല സന്ദർഭങ്ങളിലും ഞാൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തെ പല മാന്യന്മാരും അനുമോദിച്ചിട്ടുണ്ടെന്നു ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഏതേതു വിദ്യകളെ അഭ്യസിക്കുന്നതിനാണു യുവാക്കന്മാരെ അയ

ല്ലുണ്ടേതു എന്നാകട്ടെ, ശീമരാജ്യങ്ങളിൽ നിന്നു മടങ്ങുന്ന വിജയശ്രീമാന്മാരെക്കൊണ്ടു സമുദായത്തിന്നു എന്തു ഗുണമാണു് ഉണ്ടാകാനിടയുള്ളതു് എന്ന വിഷയത്തെക്കുറിച്ചാവട്ടെ, ഈ സന്ദർഭത്തിൽ പ്രതിപാദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു പതിനായിരം രൂപാ മൂലധനം ഉണ്ടാവാമെങ്കിൽ ഒരു യുവാവിനെ ശീമയിൽ അയച്ചു മടക്കാവുന്നതാണു്. ആ യുവാവു, ഉദ്യോഗത്തെയോ കഷ്ടകാലവശാൽ അകാലമൃത്യുവിനെയോ പ്രാപിക്കുന്ന അവസരത്തിൽ പ്രതിമാസം ശമ്പളത്തിന്റെ അല്ലെങ്കിൽ ഇൻഷ്വറൻസു ധനത്തിന്റെ ഇത്ര അംശം സമുദായത്തിന്നു ചെല്ലേണ്ടതാണെന്നും മറ്റും ചില വ്യവസ്ഥകൾ ഉണ്ടാക്കാമെങ്കിൽ, പതിനായിരം രൂപാകൊണ്ടു പത്തു വർഷത്തിനകം മൂന്നു ആളുകളെ വീതം ഉയർന്നതരം വിദ്യാഭ്യാസം ചെയ്യിച്ചു വരുത്താവുന്നതാണു. വിദ്യാഭ്യാസത്തെ ഉദ്ദേശിച്ചു പരദേശാടനം ചെയ്യുക ചുരുക്കം ചിലർ അംഗങ്ങളായിരിക്കുക നിമിത്തം ചില അന്യസമുദായങ്ങൾ ന്യായമായും കാലാനുസാരമായും നേടിയിരിക്കുന്ന ഉൽക്കർഷത്തെ കണ്ടുകൊണ്ടിരിക്കുന്ന സുറിയാനി സമുദായം, ഈ വിഷയം സംബന്ധിച്ചു ഇതുവരെയും ഒന്നും പ്രവർത്തിക്കാൻ ഇടയാകാഞ്ഞതു, ശോചനീയമായിട്ടുള്ളതുതന്നെ. ഇവിടെ സന്നിഹിതന്മാരായിരിക്കുന്ന സുറിയാനി മഹാജനങ്ങളുടെ ശ്രദ്ധ ഈ കാര്യത്തിലേക്കു ഉണ്ടാവണമെന്നു എനിക്കു അപേക്ഷയുണ്ടു.

൩. ബാലന്മാരെ സംബന്ധിച്ചിടത്തോളം വിദ്യാശാലാസമാഹരണം പരദേശാടനം എന്നീ വിഷയങ്ങളെ സംബന്ധിച്ചു മാത്രമാണു. അല്ലാതെ ആൺകുട്ടികളുടെ വിദ്യാഭ്യാസം ആവശ്യമാണു എന്ന വിഷയത്തെക്കുറിച്ചല്ല, പ്രസംഗം ചെയ്യപ്പെടേണ്ടതു് എന്ന നിലയിൽ നാം എത്തിയിരിക്കുന്നു എന്നുള്ളതു സന്തോഷാവഹംതന്നെ. എന്നാൽ സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ മലയാള സുറിയാനി സമുദായം എത്ര കണ്ടു പിന്നോക്കമാണെന്നു്, കൃത്യനിർവ്വഹണത്തിന്നു് ആധാരമായ പുസ്തകവും പനിക്കു മരുന്നായ കൊയിനായും ഒരുപോലെ കൈപ്പായ അമ്മ, സഹോദരി, ഭാര്യ, പുത്രി എന്നീ ബാലപരിചാരണാസമർത്ഥന്മാരെ പരിചയപ്പെട്ടിരിക്കുന്ന ശ്രോതാക്കന്മാരെ ഞാൻ പറഞ്ഞറിയിക്കണമെന്നില്ല. സ്ത്രീവിദ്യാഭ്യാസകാര്യം പലരും ആലോചിക്കുകയുണ്ടായിട്ടുള്ളതാണെങ്കിലും, ഇന്നും ഈ വിഷയത്തിൽ നാം അടിസ്ഥാനസ്ഥാപനം ചെയ്യാതിരിക്കുന്നതു വളരെ ക്ലേശാവഹമായിട്ടുള്ളതുതന്നെ. മഹത്തായ ഒരു പ്രാരംഭം പാറേനായ വറുഗീസുമാപ്പിള അവർകൾ ആരംഭിച്ചതു ഇന്നും—സങ്കടംതന്നെ—ഒരു പ്രാരംഭമായിത്തന്നെ ഇരിക്കുന്നു. ആവശ്യകത ബോധപ്പെട്ടിട്ടുള്ളതാണെങ്കിലും ഫലപ്രാപ്തി ഇന്നും ദുരവസ്ഥയിൽതന്നെ സ്ഥിതിചെയ്യു

ന്നതായി തോന്നുന്ന ഈ സ്ത്രീവിദ്യാഭ്യാസകാൎയ്യത്തെ സാധിക്കുന്നതിനായി, അന്യക്രിസ്തീയ സമുദായങ്ങൾ സ്വീകരിച്ചിരിക്കുന്ന ഒരു പ്രവൃത്തിമാൎഗ്ഗം, നിവൃത്തിയുള്ളപക്ഷം, നമുക്കും ആരംഭിക്കാവുന്നതാണു. സാധാരണങ്ങളായ ജീവിതഭാരങ്ങളിൽ നിന്നു ഒഴിഞ്ഞിരുന്നു ഈശ്വരധ്യാനപരമായും വാസനാബലം അനുസരിച്ചു സാധുസംരക്ഷണാകൃത്യത്തിലും ആയുസ്സിനെ കഴിച്ചുകൂട്ടണമെന്നു ആഗ്രഹമുള്ള സ്ത്രീകൾക്കു, ഒരു ജീവിതപദ്ധതിയെ നിൎമ്മിച്ചുകൊടുക്കേണ്ടതു, സമുദായനേതാക്കന്മാരുടെ ഒരു കൃത്യമാണു. ശൈശവവിവാഹത്തിന്റെ ഗുണഫലങ്ങളായി പലതും പ്രസംഗിക്കാൻ ഉണ്ടാവുമെങ്കിലും, സ്ത്രീബുദ്ധിയുടെ സ്വാതന്ത്ര്യവികാസത്തിനുണ്ടാകുന്ന പ്രതിബന്ധവും പുത്രീഭൎത്താവായി ആൾ ലഭിപ്പാൻ ഉത്തമപരിശ്രമം ചെയ്തശേഷവും ഫലപ്രാപ്തി ഉണ്ടാകാതെ ഞെരുങ്ങുന്ന പിതാക്കന്മാരുടെ മനശ്ചാഞ്ചല്യവും, കേവലം അഗണ്യങ്ങളായവ അല്ലന്നു കൎത്തവ്യം ഒരു സ്ത്രീക്കു മാനഹാനിയോടും അവശ്യം സംബന്ധമുള്ളതായിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥ, ഹനിക്കപ്പെടേണ്ടതുതന്നെ. ഈ ദോഷത്തിന്റെ പരിഹാരത്തിനും, കേരള-സുറിയാനി സമുദായത്തിന്റെ സ്ത്രീവിദ്യാഭ്യാസത്തിന്റെ വികാസത്തെ ഉദ്ദേശിച്ചു ശാശ്വതികമായും ആന്തരികമായും പ്രവൎത്തിക്കുന്ന ഒരു ശക്തി സൃഷ്ടിക്കപ്പെടേണ്ടതിനും, ആയി, റോമ, പ്രോട്ടസ്റ്റാന്റു എന്നീ സമുദായങ്ങൾ അനുഷ്ഠിക്കുന്നതുപോലെ, കന്യകാമഠങ്ങളുടെ പ്രവൃത്തി ഉണ്ടാവുന്നതു കൊള്ളാം. വിദ്യാഭ്യാസവിഷയത്തിൽ സുറിയാനിസമുദായത്തിന്റെ പിറകിലാണെന്നുവച്ചിരിക്കുന്ന മലയാള റോമാസമുദായം, കന്യകാമഠപ്രവൃത്തിനിമിത്തം സ്ത്രീവിദ്യാഭ്യാസം സംബന്ധിച്ചു സുറിയാനിസമുദായത്തിന്റെ മാത്രമല്ല വേറെ പല മലയാള സമുദായങ്ങളുടേയും മുമ്പാണെന്നുള്ള വാസ്തവം, ഇപ്പോൾ അത്ര പരസ്യമായിട്ടുള്ളതല്ലെങ്കിലും ഏതാനും വഷങ്ങൾക്കകം എല്ലാവരും കൈ കൂടഞ്ഞു സമ്മതിക്കേണ്ടിവരും. തിരുവിതാംകൂർ ജന്മഭൂമിയായും ഇപ്പോൾ കാളേജുഡിപ്പാൎട്ടുമെണ്ടിൽ വിദ്യാഭ്യാസം ചെയ്യും ഇരിക്കുന്ന പ്രോട്ടസ്റ്റന്റു നസ്രാണി സ്ത്രീ ഏകമാത്രമാണെങ്കിലും, റോമാനസ്രാണി സ്ത്രീകൾ മൂന്നുപേരുണ്ടെന്നുള്ളതും, ഈ ബാലികമാർ നാലുപേരും കന്യകാമഠങ്ങളുടെ അനുഗ്രഹഫലങ്ങളാണെന്നുള്ളതും, അടുത്തഭാവിയിൽ സ്ത്രീവിദ്യാഭ്യാസത്തിനുണ്ടാകാനിടയുള്ള ഗതിയുടെയും വികാസത്തിന്റെയും മുദ്രകളായി വിചാരിക്കപ്പെടാം. കന്യകാമഠങ്ങളുടെ സ്ഥിരതയും പ്രൌഢിക്കും ആവശ്യങ്ങളായ മൂലധനം ശിക്ഷിതമായ സ്ത്രീസാമൎത്ഥ്യം എന്നിവ ഇപ്പോൾ കേരളസുറിയാനിസമുദായത്തിൽ പ്രബലപ്പെട്ടിട്ടില്ല എന്നുള്ള സംഗതിയെ ഞാൻ വിസ്മരിക്കുന്നില്ല. സ്ത്രീവിദ്യാഭ്യാസം ഏതെല്ലാം വിഷയങ്ങളിലാണു നടക്കേണ്ടതെന്നുള്ളതിനെ

പ്പററിയും, പക്ഷാന്തരങ്ങൾക്കുണ്ടാവാം. എന്നാൽ കേരളസുറിയാനിസമുദായത്തിന്റെ സ്ത്രീവിദ്യാഭ്യാസകാൎയ്യം കന്യകാമഠങ്ങളെ ഭരമേല്പിക്കേണ്ടതാണെന്നുള്ള തത്വത്തെ യഥാശക്തി പ്രവൎത്തിച്ചു സമൎപ്പിക്കേണ്ടതാണെന്നും, ഈ കൃത്യനിൎവഹണം നിമിത്തം സുറിയാനിസമുദായത്തിന്റെ ഉൽഗമനത്തിനു ആവശ്യമായ ഒരു അടിസ്ഥാനാംശത്തെ നിൎമ്മിച്ചു എന്ന പ്രശംസയെ നാം അൎഹിക്കേണ്ടതാണെന്നും, ഉള്ള വിഷയങ്ങൾ വിസ്മരണീയങ്ങളല്ല. (തുടരും)

---

## ദിവ്യശ്രീ. പി. ററി. ഗീവറുഗീസു ചെമ്മാച്ചൻ എം. എ. അവർകൾ.

ചെമ്മാച്ചൻ അവർകൾ സുറിയാനിഭാഷയുംകൂടെ ശരിയായി അഭ്യസിക്കണമെന്നുള്ളതിനെപ്പററി ദിവ്യശ്രീ. ബ. മട്ടയ്ക്കൽ അലക്സന്ത്രയോസു കത്തനാർ അവർകൾ മീനം ൨൦-ാം-യിലെ "മനോരമ"യിൽ അഭിപ്രായപ്പെട്ടിരിക്കുന്നതിനെ സംബന്ധിച്ചു ബ. ചെമ്മാച്ചൻ അവർകൾ എം. എ. പാസായ ഉടനെ പ്രസ്ഥാപിക്കണമെന്നു ഞാനും വിചാരിച്ചിരുന്നതാണു. നി. വ. ദി. ശ്രീ. നമ്മുടെ വലിയ തിരുമേനി മുതലായ മെത്രാപ്പോലീത്തന്മാരുടെയും, ദിവ്യശ്രീ. റമ്പാച്ചന്മാർ, മല്പാനച്ചന്മാർ മുതലായവരുടെയും ശെമ്മാച്ചനെപ്പററിയുള്ള മേൽ നടപടിയുടെ അന്തരായം ഇതിനും മേലായി വല്ല ഉന്നത പരീക്ഷകളും ഉണ്ടെങ്കിൽ ആ വിഷയത്തിലൊ റോമാ, പ്രൊട്ടെസ്റ്റാന്റു ശാഖകാർ നടത്തുന്ന വൈദിക പരീക്ഷകളിലൊ ഇവകളിൽ എങ്ങോട്ടെങ്കിലും അയച്ചു പഠിപ്പിക്കയൊ മുതലായി എങ്ങിനെയെല്ലാമാണു ഊഹിച്ചിരിക്കുന്നതു എന്നതുകളെ ഒന്നും അറിയാതെ വല്ലതും ഒക്കെ പറഞ്ഞു പിടിപ്പിച്ചാൽ പൊട്ടൻ പറയുന്നതു ഭട്ടതിരിക്കിഷ്ടമാകുമൊ എന്നു സംശയിച്ചു പുറകോട്ടു വലിഞ്ഞു ഇരിക്കയാണു ചെയ്യുതു. ബ. മട്ടയ്ക്കലച്ചന്റെ അഭിപ്രായം ഏററവും ആദരണീയമായിട്ടുള്ള ഒന്നാണെന്നാണു ഇനിക്കും തോന്നുന്നതു. സുറിയാനി പട്ടക്കാരുടെ ഇടയിൽ മുമ്പുണ്ടായിട്ടില്ലാത്തതായ മാന്യപദവിയെ അൎഹിച്ചിരിക്കുന്ന ഈ മഹാൻ ഇനിയും പ്രധാനമായി മനസ്സിരുത്തേണ്ടതു സുറിയാനിഭാഷാഭ്യാസനത്തിൽ വേണമെന്നുള്ളതിനു വിപരീത അഭിപ്രായം അധികംപേൎക്കും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ബ. ചെമ്മാച്ചൻ അവർകൾക്കു ഇപ്പോൾ ലഭിച്ചിരിക്കുന്നതിലും അത്യധികം ഉന്നതപദവികളും ലഭിക്കുന്നതിലേക്കായി നാം ശ്രമിക്കുന്നതു നമുക്കു സ്തുത്യൎഹംതന്നെ. എന്നിരുന്നാലും ശെമ്മാച്ചന്റെ ഇംഗ്ലീഷുപഠിത്വം ഇനിയും നിൎത്തിവയ്ക്കുയാണു ഉത്തമം. ഇംഗ്ലീഷു പുസ്തകങ്ങൾ

എല്ലാം വായിച്ചു തീക്കയും ഗണനീയങ്ങളായ പരീക്ഷകൾ എല്ലാം പാസാകയും ചെയ്യുന്നതുകൊണ്ടു മാത്രമല്ലാ നമുക്കു നന്മ ഉണ്ടാകുന്നതു. ദൃഷ്ടാന്തമായിട്ടു പതിനായിരം എമ്മെക്കാരു ഒന്നിച്ചു കൂടി പ്രയത്നിച്ചാലും ചെയ്തുതീക്കാൻ സാധിക്കാത്തതായ പ്രവൃത്തികൾ ആണല്ലൊ നമ്മുടെ ഭാഗ്യവാനായ വലിയ തിരുമേനി ഏകൻ നമ്മുടെ സഭയ്ക്കു വരുത്തിക്കൂട്ടിയിരിക്കുന്നതു. ദിവ്യശ്രീ വലിയ പൌലൂസ റമ്പാച്ചൻ, മല്പാനെമ്പാച്ചൻ, മലങ്കര മല്പാൻ കോനാട്ടു അച്ചൻ അവർകൾ, മുതലായവരും വലിയ ഇംഗ്ലീഷു പഠിത്വം ഒന്നും ഇല്ലാത്ത ചില അമ്മേനികളും ഇവരെ ഒക്കെ കൊണ്ടു നമ്മുടെ സഭയ്ക്കു ഉൽകൃഷ്ടമായിരിക്കുന്നതും അനുദിനവും വരുത്തിക്കൂട്ടികൊണ്ടിരിക്കുന്നതുമായ ഗുണഗണങ്ങൾ അല്ലയൊ. ഇവരാരും ഇംഗ്ലീഷു പഠിത്വത്തിൽ വലിയ പൂർണ്ണന്മാരൊന്നും അല്ലല്ലൊ. മാത്രമല്ല സുറിയാനിഭാഷയിലും ഗ്രന്ഥങ്ങളിലും നല്ല പാണ്ഡിത്വം ഇല്ലാത്ത ഒരാളിനെ നമ്മുടെ സഭയിൽ അത്ര മതിപ്പു ഉണ്ടാകുവാനും പ്രയാസമാണെന്നാണു ഇനിക്കു തോന്നുന്നതു. ഉദാഹരണമായിട്ടു പറയുകയാണെങ്കിൽ ദിവ്യശ്രീ. മല്പാനെമ്പാച്ചൻ കോനാട്ടു മല്പാനച്ചൻ ഇ. എം. പീലിപ്പോസു മുതലായ മഹാനുഭാവന്മാരെ തിരുമേനികൾ കഴിഞ്ഞാൽ പിന്നെ സമുദായത്തിന്റെ രത്നങ്ങൾ ആയിട്ടല്ലയൊ ജനസാമാന്യം ഗണിക്കയും ആദരിച്ചു ബഹുമാനിച്ചു വരികയും ചെയ്യുന്നതു. ഇതിനുള്ള പ്രധാന കാരണം സുറിയാനിഭാഷയിലും ഗ്രന്ഥങ്ങളിലും അവൎക്കുള്ള അദ്വിതീയമായ പാണ്ഡിത്വവും അനിതരസാധാരണമായ മഹാമനസ്കതയും ആണെന്നു നാമെവരും അറിഞ്ഞിരിക്കുന്നതല്ലയൊ എന്നതുകൊണ്ടു കുളിച്ചു വസ്ത്രവും മാറി കുടയും വടിയും പിടിച്ചു വാച്ചും ചെയിനും ഒക്കെ ധരിച്ചായിരുന്നാലും ഭക്ഷണം നാസ്തിയായിരുന്നാൽ എത്ര കുറവു്, എന്നതുപോലെയാണു. മറ്റെതെല്ലാം വിരുതുകൾ ഉണ്ടായിരുന്നാലും സുറിയാനിഭാഷയിലും തൽസംബന്ധമായ ഗ്രന്ഥങ്ങളിലും ശരിയായ ജ്ഞാനം സിദ്ധിക്കാത്ത ഒരു വൈദികനെ അത്ര ഗണനീയനായി നമ്മുടെ ജനങ്ങൾ വിചാരിക്കുമൊ എന്നാണു എന്റെ ബലമായ സംശയം. എന്നതുകൊണ്ടു നമ്മുടെ ധീമാനായ ശെമ്മാച്ചൻ അവർകളെ വന്ദ്യതിരുമേനികൾ നമ്മുടെ വ. മല്പാന്മാരുടെ നോട്ടത്തിൻകീഴ ഭരമേല്പിച്ചു സുറിയാനിഭാഷ പരിചയിച്ചു അതിൽ അടങ്ങിയിട്ടുള്ള വിലയേറിയ പുസ്തകങ്ങളെക്കൂടെ പരിശോധിപ്പിച്ചും ദിവ്യമായ ജ്ഞാനങ്ങളെ സമ്പാദിച്ചു ലോകോപകാരാർത്ഥം പ്രവൃത്തിക്കുന്നതിനുള്ള വഴിയെ നയിപ്പിക്കയും ചിലക്കു ഭവിച്ചിട്ടുള്ളതുപോലെ ബാല്യംകൊണ്ടുള്ള പ്രമാദം വന്നുപറ്റാതെയും എന്തെന്നില്ലാത്ത സ്വാതന്ത്ര്യം എടുത്തു ഈ നല്ല മുത്തിനു വല്ല കേ

ട്ടം വന്ന പറവുന്നതിന്നു ഇടയാകാതെയും വളരെ സൂക്ഷ്മത്തോടെയുള്ള പെരുമാററം ചെയ്യാൽ ഈ മഹാ മനസ്സനും നമുക്കു ഒരു വലിയ സമ്പത്തായി ഇരിക്കുന്നതാണല്ലൊ എന്നുള്ള ആർത്തിയാണു ഇനിക്കുള്ളതു. എന്നുള്ള താഴ്മയായ്യ അഭിപ്രായത്തെ ഞാൻ അറിവിച്ചുകൊള്ളുന്നതാണ്.

---

## പരസ്യം.

മലങ്കരെ മാർ ഗ്രീഗോറിയോസ് സ്മാരക സുവിശേഷക സംഘത്തിൽനിന്നും.

പ്രസ്തുത സംഘത്തിൻെറ ദ്വിതീയ വാൎഷീക സമ്മേളനം ഈ കൎക്കടകമാസം ൧൭നു തിങ്കളാഴ്ച ചെങ്ങന്നൂർ പള്ളിയിൽവച്ചു വന്ദ്യദിവ്യശ്രീ ഫാദർ വി. ജെ. ഗീവറുഗീസ് റമ്പാച്ചൻ അവർകളുടെ അഗ്രാസനാധിപത്യത്തിൻകീഴ നടത്തപ്പെടുന്നതാണ. ഈ അവസരത്തിൽ ദിവ്യശ്രീ ഗീവറുഗീസ ശെമ്മാശൻ എം. എ. അവർകളുടെയും മററും പ്രസംഗങ്ങളും ഉണ്ടായിരിക്കുന്നതാണ.

ടി. സംഘത്തിന്നു ആണ്ടുവരി സംഭാവന മുതലായ സഹായധനങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ മാന്യ സഹോദരങ്ങളും ഈ അവസരത്തെ വിസ്മരിക്കയില്ലന്നു വിശ്വസിക്കുന്നു. കാൎയ്യപരിപാടി യോഗത്തിൽവച്ചു കൊടുക്കപ്പെടും.

ആജ്ഞാനുസരണം സിക്രട്ടരി
പി. ജി. യാക്കോബു കത്തനാരു.

---

## സൂചനകൾ.

ഈ മിഥുനത്തിലെ സഭാതാരകയിൽ പത്രാധിപക്കുറിപ്പിൽ ഞങ്ങളേയും യാക്കോബ്യരേയും കുറിച്ചു ചില ആക്ഷേപങ്ങൾ പറഞ്ഞിട്ടുണ്ടു. പാത്രിയക്കീസു ബാവായെ ദൂഷിക്കുന്ന താരകാലേഖനം പുറപ്പെടുവിച്ചതു, നവീകരണ മെത്രാന്മാർ വേഷധാരികളാണെന്നു പത്രികയിലെ ഒരുപന്യാസത്തിൽ പറഞ്ഞതുകൊണ്ടാണെന്നു താരക പറയുന്നു. ഇതു "അങ്ങാടിയിൽ തോററതിന്നു അമ്മയോടു ശഠിക്കുന്നതുപോലെയാണു" നവീകരണ മെത്രാന്മാർ വേഷധാരികളാണെന്നു പത്രിക സ്ഥാപിച്ചതു നവീകരണത്തിൻെറ ബന്ധുക്കളായ കല്ക്കത്താബിഷോപ്പു ഡാക്തർ കൊപ്പിൾസ്റ്റൻ, മദ്രാസുബിഷോപ്പ് ഡാക്തർവൈററ ഹേഡ, തിരുവിതാംകൂർ ബിഷോപ്പു ഡാക്തർ ഗിൽ, ഫോണ്ടുലാക്കു ബിഷോപ്പു ഡാക്തർ ഗ്രാഫ്ററൻ എന്നിവരുടേതായി ഞങ്ങളുടെ കൈവശമുള്ള എഴുത്തുകളെ അടിസ്ഥാനമാക്കിയാണെന്നു പറഞ്ഞിട്ടുണ്ടു. അവരോടു പിടിക്കാൻ ശേഷിയില്ലാത്തതിനു യാക്കോബായ പാത്രിയക്കീസിനെ പിടിച്ചുകൊള്ളാമെന്നാണ താരക നിശ്ചയിച്ചതു. "ചക്കിക്കു മുറിഞ്ഞതിനു നീലിക്കു ധാര കോരാമെന്നു" നിശ്ചയിച്ച ഈ പത്രാധിപർ വിദ്വാൻതന്നെ!.

ഇടവകപത്രികയുടെ മേല്പറഞ്ഞ ഉപന്യാസത്തെയും പത്രികയുടെ സമ്പ്രദായങ്ങളേയും പല മാന്യ യാക്കോബായക്കാരും കുററം പറയുന്നുണ്ടെന്നാണ വേറൊരു സംഗതി. അവർ പരസ്യമായിട്ടല്ല, താരകാധിപരുടെ ചെവിയിൽ രഹസ്യമായിട്ടാണ പറഞ്ഞതെന്നുകൂടെ സമ്മതിക്കുന്നുണ്ടു. അതൊരു ഭാഗ്യംതന്നെ.

താരകയുടെ വേറൊരാക്ഷേപം യാക്കോബായ മെത്രാന്മാരെക്കുറിച്ചു പറയുമ്പോൾ "തിരുമനസ്സുകൊണ്ടു എന്നുംമററുമുള്ള ബഹുമാനപദങ്ങൾ ചേൎക്കാതെ താരക പറക പതിവില്ലെന്നും നേരെ മറിച്ചു നവീകരണ തലവന്മാരെക്കുറിച്ചു ഇടവകപത്രിക ആക്ഷേപങ്ങൾ സദാ പറയാറുണ്ടെന്നുമാണ. "മ- രാ- രാ-" "അവർകൾ" മുതലായി അന്തസ്സുള്ള ആളുകളെക്കുറിച്ചു പ്രയോഗിക്കാറുള്ള മാന്യപദ

ങ്ങൾ നവീകരണതലവന്മാരെക്കുറിച്ചു പറയുന്നതിനു ഞങ്ങൾക്കു ഒരിക്കലും വിസമ്മതമില്ല. മെത്രാസ്ഥാനമില്ലാത്തവൎക്കു ആ സ്ഥാനം കല്പിച്ചുകൊടുക്കാൻ ഇടവക പത്രിക പത്രാധിപൎക്കു അപ്പോസ്തോലാധികാരം ഇല്ലാത്തതുകൊണ്ടു ആ സ്ഥാനത്തിനു മാത്രം ചേൎന്ന ബഹുമാനപദങ്ങൾ ഞങ്ങൾ പ്രയോഗിക്കാത്തതാണു. നവീകരണ സമുദായം അവൎകൾ ഇപ്പോഴത്തെ വേഷത്തിൽ പ്രവേശിക്കുന്നതിനു മുമ്പു തിരുവനന്തപുരത്തുവച്ചു ഒരിക്കൽ ഞങ്ങളുമായി സംഭാഷിച്ചുകൊണ്ടിരിക്കുമ്പോൾ ഞങ്ങളുടെ കയ്യബദ്ധി അദ്ദേഹത്തിന്റെ ശിരസിൽ വെക്കുകയും മെത്രാസ്ഥാനാഭിഷേകത്തിന്റെ ചില വാചകങ്ങൾ നേരംപോക്കായി പറകയും ചെയ്യുതായി ഓൎക്കുന്നുണ്ടു. ഇതു ഒരു കളിയായി ചെയ്തു എന്നല്ലാതെ അതുകൊണ്ടു അദ്ദേഹത്തിനു ഒരു വിശേഷ പദവി ലഭിക്കുമെന്നു ഞങ്ങൾ വിചാരിച്ചിരുന്നില്ല. പിന്നീടു വല്ലവരും അദ്ദേഹത്തിന്റെ ശിരസിൽ കൈ വച്ചിട്ടുണ്ടെങ്കിൽ അതു ഞങ്ങളെപ്പോലെയുള്ള ഒരാളാണെന്നല്ലാതെ വിശേഷവിധിയായി ആരും ഗണിക്കുന്നില്ല. ഞങ്ങളുടെ കൈവെപ്പുകൊണ്ടു വല്ല പദവിയും ലഭിച്ചിട്ടുണ്ടെന്നു താരക വിചാരിക്കുന്ന പക്ഷം "തിരുമനസ്സെന്നോ"മറ്റൊ ഒക്കെ ഞങ്ങളും പറഞ്ഞേക്കാം. ബഹുമാന സൂചകങ്ങളായ പദങ്ങൾ കൂടാതെ ഞങ്ങളുടെ മേല്പട്ടക്കാരെക്കുറിച്ചു ഒരിക്കലും പറയാറില്ലെന്നു പ്രശംസിക്കുന്ന താരകാധിപർ ഈ മിഥുനത്തിലെ പത്രത്തിൽ "യൌസേപ്പുമെത്രാൻ എന്നു പറഞ്ഞുവരുന്ന യൌസേപ്പു എന്നയാൾ" എന്നു എഴുതിയിരിക്കുന്നതു അമേരിക്കായിലെ വല്ലവരേയുംകുറിച്ചായിരിക്കുമൊ ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഈ പ്രയോഗംകൊണ്ടു ഞങ്ങളുടെ തിരുമേനിക്കും യാക്കോബായക്കാൎക്കും ഒട്ടും സങ്കടമില്ല. ഞങ്ങളുടെ മേല്പട്ടക്കാരുടെ സ്ഥാനം "കല്പന" "നെല്പതിരു" "അടിയൻ" "തിരുമേനി" "റാൻ" ഇത്യാദി പദങ്ങളിന്മേൽ അല്ലാ സ്ഥാപിച്ചിരിക്കുന്നതെന്നു ധൈൎയ്യം ഉള്ളതുകൊണ്ടു ഈ വക കാൎയ്യത്തിൽ താരക എന്തു പറഞ്ഞാലും തരക്കേടില്ല. നേരെ മറിച്ചു നവീകരണതലവന്മാരെക്കുറിച്ചു പറയുമ്പോൾ ഈ വകയൊന്നും വിടാതെ സൂക്ഷിച്ചു പ്രയോഗിച്ചുകൊള്ളണമെന്നു ഞങ്ങൾ താരകയോടു പ്രത്യേകം ഗുണദോഷിക്കുന്നു. അവരുടെ സ്ഥാനത്തിന്റെ സാധുത്വം ഈ വക പദപ്രയോഗങ്ങളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു മനസ്സറിയാതെ വല്ലതും വിട്ടുപോയാൽ സ്ഥാനം താഴെപ്പോയേക്കുമെന്നുള്ള ഓൎമ്മ പ്രത്യേകം കരുതിയിരിക്കേണ്ടതാണു. പക്ഷെ സാരമായ ചില സംഗതികൾ താരക വിട്ടുപോകുന്നു. തുൎക്കി ഗവൎമ്മെണ്ടിനാൽ നിയമിക്കപ്പെടുകയൊ ഭ്രഷ്ടാക്കപ്പെടുകയൊ ചെയ്യുന്നു താരകയ്ക്കു വാദമില്ലാത്ത ഒരു പാത്രിയൎക്കീസിൽനിന്നു ലഭിച്ച ഒരു സ്ഥാനമാണു "യൌസേപ്പു എന്നയാൾ" എന്നു താരക ആക്ഷേപമായി സൂചിപ്പിച്ചിരിക്കുന്ന മേല്പട്ടക്കാരനുള്ളതു. ആ സ്ഥാനം താരക സ്വീകരിക്കുന്നില്ലെന്നു പ്രത്യക്ഷത്തിൽ കാണിച്ചിരിക്കുന്നതിനാൽ അന്ത്യോഖ്യയിൽ ഇതിനുമുമ്പുണ്ടായ പാത്രിയൎക്കീസന്മാർ എല്ലാവരേയും വേഷധാരികളായിട്ടാണു താരക സങ്കല്പിച്ചിരിക്കുന്നതെന്നു കാണുന്നു. അപ്പോൾ താരകയുടെ "മാർ തോമ്മാ"മാർ ആരായി! കെ. എം. സി. എഴുതിയിരിക്കുന്നതുപോലെ ഇവരെ ളോഹ ഊരിച്ചു മുണ്ടുടുപ്പിക്കണമെന്നു ഇത്ര വൈരാഗ്യം തോന്നുവാൻ ആ സാധുക്കൾ എന്തു ദ്രോഹമാണു താരകാധിപരോടു ചെയ്യുതു? കഷ്ടം!.

കഴിഞ്ഞ പത്രികയിൽ എഴുതിയിരുന്ന പി. കെ. കൊച്ചുമത്തായി എന്ന പേരായി ഒരാൾ നവീകരണക്കാരുടെ കൂട്ടത്തിൽ ഇല്ലെന്നു താരക നിശ്ചയമായി പറയുന്നു. പല സ്ഥലങ്ങളിലായി പടൎന്നുകിടക്കുന്ന നവീകരണത്തിൽ ഉൾപ്പെട്ട മത്തായിമാരെ ഒക്കെയും താരകാധിപൎക്കു നിശ്ചയമുണ്ടായിരിക്കും. ഞങ്ങൾക്കു എഴുതിയയച്ച ലേഖകൻ താൻ "മാർ തോമ്മാ സമുദായത്തിൽ" ഉൾപ്പെട്ടവനാണെന്നു പറയുന്നു. അതു മാത്രമെ ഞങ്ങൾക്കറിയാവു. "നീ ചത്തുപോയി എന്നു ഡാക്ടർസായ്പു പറഞ്ഞിരിക്കുമ്പോൾ ചത്തില്ലെന്നു നീ തന്നെ പറഞ്ഞാൽ ആർ വിശ്വസിക്കും". എന്നു പറഞ്ഞതുപോലെയാണു താരകയുടെ ഈ സാക്ഷിപത്രം. ഇയ്യാളുടെ ദേശപ്പേരും വീട്ടുപേരും അറിയിക്കണമെന്നു താരകാധിപർ ഞങ്ങളോടാവശ്യപ്പെട്ടിട്ടു മറുപടി കൊടുത്തില്ലെന്നു താരക പറയുന്നതു പരമാൎത്ഥമല്ല. താരകാധിപർ അയച്ച കാൎഡിൽ തന്നെ ഞങ്ങൾ മറുപടി കൊടുത്തു. പത്രത്തിലേക്കു എഴുതുന്ന ആളിനെ അയാളുടെ സമ്മതം കൂടാതെ വെളി

പ്പെടുത്തുന്നതു പത്രധൎമ്മമല്ലെന്നു ഞങ്ങൾക്കറിയാവുന്നതുകൊണ്ടു ആ ലേഖകന്റെ പേൎക്കു ഞങ്ങൾ എഴുതിയയച്ചു മറുപടി വന്നതിനു മേൽമാത്രമാണു ഞങ്ങൾ താരകയ്ക്കു മറുപടി അയച്ചതു. അതുകൊണ്ടു ഞങ്ങളുടെ മറുപടി കിട്ടാൻ കുറച്ചു താമസിച്ചിരിക്കാം. ഒരു നവീകരണക്കാരൻ ഇങ്ങനെ എഴുതിയതിൽ ആശ്ചൎയ്യപ്പെടുവാൻ ഒരു കാരണവുമില്ല. ഒരാൾ അല്ല പലരും വാക്കാലും രേഖാമൂലവും ഏറക്കുറെ താരകയെ ആക്ഷേപിച്ചു ഇപ്പോഴും മുമ്പിലും ഞങ്ങൾക്കു എഴുതിയിട്ടുണ്ടു. രാ-രാ- സല്പ്രഗൻ അവർകൾ ഇപ്പോഴത്തെ പതനത്തിൽ പ്രവേശിക്കുന്നതിനു മുമ്പു ഡേവിഡിന്റെ പ്രസംഗകാലത്തും മറ്റും നവീകരണത്തിന്റെ ചില സംഗതികളെ ആക്ഷേപിച്ചു ഇടവകപത്രികയ്ക്കു എഴുതിയയക്കയും പേരു വെക്കാതെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. വളരെ നാൾ സമുദായ സിക്രട്ടെറിയൊ അതിലും ഉയൎന്ന സ്ഥാനമാനങ്ങളൊ വഹിച്ചിരുന്ന കോട്ടൂരേത്തു യൌസേപ്പുകത്തനാർ അവർകൾ ഓരോ ഘട്ടത്തിൽ പത്രികയ്ക്കു എഴുതിയിട്ടുണ്ടു. നവീകരണത്തിലെ ഇങ്ങനെയുള്ള മഹാന്മാർ എഴുതാമെങ്കിൽ ഒരു കൊച്ചുമത്തായി ഇപ്പോൾ എഴുതിയതിൽ താരക ആശ്ചൎയ്യപ്പെടുകയും സംശയിക്കുകയും ചെയ്യുന്നതു കഥയില്ലായ്മയാണു.

മ- ഇ- പ- പത്രാധിപർ.

---

## ചെമ്പിൽപള്ളി.

പ്രസ്തുതസ്ഥലത്തു ഇപ്പോൾ രണ്ടു പള്ളികൾ ഉണ്ടു. അവയിൽ ഒന്നു നമ്മുടെ വകയും മറേറതു റോമ്മാക്കാരുടേതുമാണു. ഈ പള്ളികൾ രണ്ടും പണി ചെയ്യപ്പെട്ടിട്ടു അധികം കാലമായിട്ടില്ല. ഇവ രണ്ടും അടുത്തടുത്തു ഒരു പറമ്പിൽതന്നെയാണു സ്ഥിതിചെയ്യുന്നതു. കുറെ കാലങ്ങൾക്കു മുമ്പുവരെ ഇവ രണ്ടിന്റെയും മദ്ധ്യേ വലിയതും പുരാതനമായതുമായ ഒരു പള്ളിയുണ്ടായിരുന്നു. ആ പള്ളിയിൽവച്ചുതന്നെയായിരുന്നു നമ്മളും റോമ്മാക്കാരും അവരവരുടെ കുൎബ്ബാന മുതലായ കൎമ്മങ്ങൾ നടത്തിവന്നിരുന്നതു. ഇതു നിമിത്തം രണ്ടു കൂട്ടക്കാർ പല അസൌകൎയ്യങ്ങൾ നേരിട്ടിട്ടുണ്ടെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. ഇങ്ങിനെയിരിക്കുമ്പോൾ ഏതോ കാരണവശാൽ പ്രബലനായ പാറായിൽ മാത്തുതരകൻ അവർകൾ അവിടെ വരുന്നതിനു സംഗതിയായി. അപ്പോൾ ഈ അസൌകൎയ്യം മനസ്സിലായ തരകൻ അവർകൾ വലിയ പള്ളി പൊളിച്ചു, ഭാഗിച്ചു വേറെ പള്ളികൾ വയ്ക്കണമെന്നും മറ്റും നമ്മുടെ കൂട്ടത്തിൽ പ്രധാനികളായ ചിലരോടു ആലോചിക്കയും അതിനെ ആ സാധുക്കൾ സമ്മതിക്കയും ചെയ്തു. ഇതനുസരിച്ചു പള്ളി പൊളിച്ചു മൂന്നായി ഭാഗിച്ചു. അവരുടെ കൂട്ടത്തിൽ തെക്കുംഭാഗരെന്നും വടക്കുംഭാഗരെന്നും രണ്ടു കൂട്ടരുണ്ടെന്നുള്ളതാണു ഇപ്രകാരം ഭാഗിപ്പാനുള്ളതിന്റെ പ്രധാന കാരണം. അവയിൽ ഒരു ഭാഗംമാത്രമെ നമുക്കു ലഭിച്ചൊള്ളു. പള്ളിസ്ഥലവും മൂന്നായിട്ടുതന്നെയാണു വിഭജിക്കപ്പെട്ടതു. നമുക്കു ലഭിച്ച സ്ഥലം വളരെ കുറച്ചുമാത്രമെ ഉള്ളു. ഈ സ്ഥലത്തുതന്നെയാണു ഇപ്പോൾ നമ്മുടെ പള്ളി വച്ചിരിക്കുന്നതു. നമ്മുടെ സമുദായത്തെ ഈവിടെ നിന്നും ഉന്മൂലനം ചെയ്യണമെന്നു

ള്ള ഉദ്ദേശത്തോടുകൂടി പല സൂത്രങ്ങൾ തരകൻ അവർകൾ പ്രയോഗിച്ചുവെങ്കിലും കാരുണ്യവാനായ ദൈവം അതിനെ സമ്മതിച്ചില്ല. തരകൻ അവർകൾ തന്റെ സ്വന്ത ചിലവിന്മേൽ അവൎക്കു ഒരു പള്ളി പണിയിച്ചുകൊടുത്തു. നമുക്കു ഭാഗത്തിൽ കിട്ടിയിരുന്ന സാധനങ്ങളും സ്ഥലവും അവൎക്കു കൊടുക്കുന്നപക്ഷം തരകൻ അവർകൾ നമുക്കു വേറൊരു സ്ഥലത്തു ഒരു പള്ളി പണിതരാമെന്നും മറ്റും പറഞ്ഞു സാധുക്കളായ നമ്മുടെ പൂൎവന്മാരെ കബളിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ആയതു സാധിച്ചില്ലെന്നു സന്തോഷസമേതം പറയേണ്ടിയിരിക്കുന്നു. ധനപുഷ്ടി ജനപുഷ്ടി ഇവയൊന്നും ഇല്ലാതെയിരുന്ന ടി. ഇടവകയ്ക്കു ഉടനടി ഒരു പള്ളി പണിയുന്നതിനു സാധിക്കാതെ വന്നതിനാൽ ഭാഗത്തിൽ കിട്ടിയ സാധനങ്ങളിൽ ചിലതൊക്കെ ജീൎണ്ണപ്പെട്ടുപോയി. ഒരു പള്ളി പണിക്കു വേണ്ട ധനവും സാധനങ്ങളും ഇല്ലാതെ കഷ്ടപ്പെട്ടുകയാൽ വിവരം അന്നു വാണിരുന്ന നമ്മുടെ മെത്രാപ്പോലീത്തായെ അറിയിച്ചതിൽ ആ ദേഹം മറ്റെല്ലാം ഇടവകകളിൽ നിന്നും ഒരു ധൎമ്മശേഖരം പിരിക്കുന്നതിനുവേണ്ടി ഈ ഇടവകക്കാരനായ പരേതനായ അമ്പലത്തുങ്കൽ പത്രോസു കത്തനാരുടെ പേരിൽ ഒരു കല്പന കൊടുത്തു. പ്രസ്തുത കല്പനയുംകൊണ്ടു അദ്ദേഹം പല പള്ളികളിൽ നിന്നും ഒട്ടുവളരെ പണം പിരിച്ചെടുത്തു പള്ളി പണി ആരംഭിക്കയും ചെയ്തു. പള്ളിപണി പൂൎത്തിയാകുന്നതിനു മുമ്പു നമ്മളും റോമ്മാക്കാരും തമ്മിൽ ഒരു വ്യവഹാരം ഉത്ഭവിച്ചു. ആയതിലേക്കുവേണ്ടി അനവധി ദ്രവ്യം ചെലവായി. ഹൈക്കോടതിവരെ കേറിയതിന്റെ ശേഷം കേസു ഒട്ടൊക്കെ നമുക്കു ഗുണമായിട്ടും ദോഷമായിട്ടും അവസാനിച്ചു. ഈ കണ്ടകശനി തീൎന്നതോടുകൂടി ഇവിടത്തെ വികാരിയായിരുന്ന മുൻ പറഞ്ഞ പത്രോസുകത്തനാരും ശേഷം ഇടവകക്കാരും തമ്മിൽ ഏതൊ കാരണവശാൽ ഒരു വഴക്കു തുടങ്ങി. ഈ വഴക്കുനിമിത്തം അദ്ദേഹം ഇടവകക്കാരുടെ ചില പ്രധാന അടിയന്തിരങ്ങൾ മുടക്കുകയും ചിലരെ അകാരണമായി മുടക്കുകയും ചെയ്കയാൽ വിവരം കണ്ടനാട്ടു മുതലായ ഇടവകകളുടെ മാർ ഈവാനിയോസ്സ മെത്രാപ്പോലീത്താ തിരുമനസ്സിനെ ഇടവകക്കാർ അറിയിക്കയും തിരുമനസ്സുകൊണ്ടു പത്രോസുകത്തനാരെ മുടക്കുകയും ചെയ്തു. ഇക്കാലത്തു പള്ളിസംബന്ധമായ പല പണികളും തീരുവാനുണ്ടായിരുന്നു. ആയതിലേക്കു വേണ്ട പണവും ഇല്ലായിരുന്നു. പള്ളി നടത്തുന്നതിനുവേണ്ടി അന്യ ഇടവകയിലുള്ള പട്ടക്കാരുടെ സഹായം വേണ്ടിവന്നു. അച്ചനു ശമ്പളം കൊടുക്കുന്നതിനും തീരുവാനുള്ള പണികൾ പൂൎത്തിയാക്കുന്നതിനും വേണ്ടി കെട്ടുതെങ്ങു പടിയരി മുതലായവ ഏൎപ്പെടുത്തുകയും ഇതു കൂടാ